# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP 5 /1682 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP 5 /1682 /2023 തീയ്യതി: 20/12/2023

## തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 25-10-2023 | 02-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 02-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി വെർജിൻ ഷീജ.റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി കല പി, ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റ്റി.ലാലിമുരളി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ബിന്ദു പി.വി | സെക്രട്ടറി | 01-04-2022 | 22-04-2022 |
| ശ്രീമതി ഷീബ കെ.എസ് | സെക്രട്ടറി | 25-04-2022 | 26-07-2022 |
| ശ്രീമതി നിഷ വി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-07-2022 | 09-10-2022 |
| ശ്രീ ആനന്ദ് എം | സെക്രട്ടറി | 10-10-2022 | 18-11-2022 |
| ശ്രീമതി ബിന്ദുരാജ് | സെക്രട്ടറി | 18-11-2022 | 22-11-2022 |
| ശ്രീ.ഗണേഷ്. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-11-2022 | 27-11-2022 |
| ശ്രീ ആനന്ദ് എം | സെക്രട്ടറി | 28-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.പ്രേം സുലജലത | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.മുംതാസ് ബീഗം. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു കെ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.അശ്വതി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലക്ഷ്മി മുരുകൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സബിത എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി കെ.നായർ | ഫിഷറീസ് ഇൻസ്പക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുനിഷ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2022 | 31-03-2023 |
| ശ്രീമതി.സരിത ചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2022 | 31-03-2023 |
| ശ്രീ.ഷാജി.ബി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിബു.റ്റി.എസ് | ഡയറിഫാം ഇൻസ്പക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.എ.പി.അനിൽ കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീമതി നിഷ.വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 20-05-2022 | 19-10-2022 |
| ശ്രീ.ഗണേഷ്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വരുമാനത്തേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത ആസ്തിക്ക് ഡിപ്രിസിയേഷൻ നല്കി | 1-1-5 |
| 7 | സി.എഫ്.സി. ഫണ്ട് വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | കഴിഞ്ഞ വർഷത്തെ ജനറൽ ലഡ്ജർ ടയൽ ബാലൻസ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | നല്കി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-10 |
| 12 | ബാങ്ക് ബുക്കിൽ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-11 |
| 13 | അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-13 |
| 15 | ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല | 1-1-14 |
| 16 | പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കുള്ള പ്രൊവിഷൻ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല. | 1-1-16 |
| 18 | MGNREGS ന്റെ ഭരണചെലവിനത്തിലെ തുകകൾ രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | ലോൺ രജിസ്റ്ററും വാർഷികധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ | 1-4-1 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | ക്ഷേമ പദ്ധതികൾ | 1-6 |
| 26 | സാമൂഹ്യ സുരക്ഷാപെൻഷൻ - അപാകതകൾ | 1-6-1 |
| 27 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ മാസങ്ങളായി പെൻഷൻ തുക നിക്ഷേപിക്കാൻ കഴിഞ്ഞിട്ടില്ല | 1-6-2 |
| 28 | പെൻഷൻ മരണശേഷവും നൽകിയതായി കാണുന്നു | 1-6-3 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 30 | ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-8 |
| 31 | തൊഴിലുറപ്പ് പദ്ധതി | 1-9 |

| | | |
|---|---|---|
| 32 | ക്യാഷ് ബാലൻസ് പരിശോധന | 1-10 |
| 33 | 60 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 34 | രസീതു പരിശോധനയിലെ അപാകതകൾ | 1-11-1 |
| 35 | ക്രമ വൽക്കരിക്കാത്ത കെട്ടിടം- നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 36 | തനത് നികുതി വരുമാന ശേഖരണം - അവലോകനം | 1-13 |
| 37 | തൊഴിൽ നികുതി-അപാകങ്ങൾ | 1-14 |
| 38 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14-1 |
| 39 | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-14-2 |
| 40 | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് അനുവദിച്ച് നൽകിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു | 1-15 |
| 41 | മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസസൻസ് നല്കിയതായി കാണുന്നു | 1-15-1 |
| 42 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി/ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല | 1-15-2 |
| 43 | ഫാമുകളുടെ ലൈസൻസ്-അപാകങ്ങൾ | 1-15-3 |
| 44 | ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-ഫീൽഡ് പരിശോധന നടത്തേണ്ടതാണ്. | 1-15-4 |
| 45 | ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15-5 |
| 46 | 13 ലക്ഷം രൂപയുടെ കിച്ചൺ ബിന്നുകൾ -വിതരണം ചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നു | 1-16 |
| 47 | വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി - അപാകങ്ങൾ | 1-17 |
| 48 | മുൻകുറുകൾ ക്രമീകരിക്കുന്നില്ല | 1-18 |
| 49 | ഓട്ടോറിക്ഷാ വാങ്ങൽ–പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 50 | അരോഗ്യരംഗം - ആയുർവേദം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-20 |
| 51 | അലോപ്പതി മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. 155948/ രൂപ തടസ്സം ചെയ്യുന്നു. | 1-21 |
| 52 | പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്കും പി എച്ച് സി യുടെ ലോഗ് ബുക്കും പരിശോധിച്ചതിൽ കണ്ട അപാകതകൾ | 1-22 |
| 53 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല. 36708/- രൂപ തടസ്സം ചെയ്യുന്നു | 1-23 |
| 54 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പ്രവർത്തനക്ഷമമാക്കാത്തതിനാൽ 2,04,900/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 55 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കുറഞ്ഞ നിരക്കിൽ നല്കിയിരിക്കുന്നു | 1-25 |
| 56 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 1-26 |
| 57 | വെള്ളക്കരം-കുടിശ്ശിക പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-27 |
| 58 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയില്ല | 1-28 |
| 59 | വെള്ളക്കരം കുടിശ്ശിക-ധനനഷ്ടം വരുന്നത് ഒഴിവാക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. | 1-29 |
| 60 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-30 |
| 61 | ഇ എം എസ് ഭവന പദ്ധതി-അവശേഷിക്കുന്ന തുക തിരിച്ചടച്ചിട്ടില്ല. | 1-31 |
| 62 | സ്വയം സഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം-1300000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-32 |
| 63 | ഗുണഭോക്താക്കളില്ലാത്തതിനാൽ ഇനാകുലം പാക്കറ്റുകൾ വിതരണം ചെയ്യാതെ കെട്ടികിടക്കുന്നു. | 1-33 |
| 64 | ലൈഫ് ഭവന പദ്ധതി -ഭൂമി വാങ്ങി വന്നവർക്കുള്ള ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-34 |
| 65 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-35 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | സംരംഭകർക്ക് ആനുകൂല്യം വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക നൽകി-13,00,000/-രൂപയുടെ ചെലവു നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.08.2023.ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.08.2023തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **വിളവൂർക്കൽ** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ** 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9 (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക കമ്മിറ്റി അംഗീകരിച്ചിരിക്കുന്നതും AIMS സോഫ്റ്റ്‌വെയർ മുഖേന ഓഡിറ്റിന് സമർപ്പിച്ചിരിക്കുന്നതും 21.08.2023 നാണ്. അക്കൗണ്ട്സ് ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കാലതാമസം വന്നത് ശരിയായ നടപടിയല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

A)2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരം വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയത് തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) ILGMS സോഫ്റ്റ്‌വെയറിൽ അനുപാതങ്ങൾ ലഭ്യമല്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

B)തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച പത്രിക ബി-1 ഷെഡ്യൂളിനോടൊപ്പം സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച് ബി-1 ഷെഡ്യൂൾ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന പത്രിക

വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.
അടുത്ത സാമ്പത്തിക വർഷം മുതൽ ഇവ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase / (Decrease) In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4933314/- രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2760280/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണ്. ആയത് പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) ക്യാഷ് ഫ്ലോ പത്രിക സോഫ്റ്റ് വെയറിൽ നിന്നും ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടാണെന്നും തുകകൾ ക്രമീകരിക്കുന്നതിന് സാധിക്കുന്നില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-4 വരുമാനത്തേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 175385080/-, ചെലവ് 176521442/-). കൂടാതെ ബാലൻസ് ഷീറ്റ് B-1 ലെയും Trial Balance ലെയും Excess Of Income Over Expenditure തുകകൾ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) മുൻബാക്കി ഉൾപ്പെടുത്താതെ കണക്കാക്കുന്നതിനാലാണ് വരവിനേക്കാൾ ചെലവ് ഉയർന്നിരിക്കുന്നതെന്നും മുൻബാക്കി ഉൾപ്പെടുത്തുമ്പോൾ വ്യത്യാസം ക്രമീകരിക്കപ്പെടുമെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-5 വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത ആസ്തിക്ക് ഡിപ്രിസിയേഷൻ നല്കി

2022-23ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ 315804/- രൂപയാണ് Accumulated Depreciation Plant And Machinery ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ Plant And Machinery ഇനത്തിൽ ആസ്തികളൊന്നും ഇല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) ILGMS ൽ Plant And Machinery ഹെഡിൽ ആസ്തി ഉൾപ്പെടുത്തുന്നതിന് സാധിക്കുന്നില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത ആസ്തി ശരിയായ ഹെഡിലേക്ക് മാറ്റി അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-6 സി.എഫ്.സി. ഫണ്ട് വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

ഫെഡറൽ ബാങ്ക് (സി.എഫ്.സി) (20390100043745) പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക കണക്കുകൾ പ്രകാരം 5063747/- രൂപയാണ്. എന്നാൽ സി.എഫ്.സി. ക്യാഷ് ബുക്ക് പ്രകാരം പ്രസ്തുത നീക്കിയിരിപ്പ് 5070763/- രൂപയാണ്. വ്യത്യാസം വിശദീകരിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (59/02.11.23) വാട്ടർ എ.റ്റി.എം ബില്ലിന്റെ ജി.എസ്.റ്റി-റ്റി.ഡി.എസ് തുകയായ 7016/-രൂപ ഇ ഗ്രാംസ്വരാജ് സൈറ്റിന്റെ സാങ്കേതിക പ്രശ്നം കാരണം സി.എഫ്.സി സൈറ്റിൽ പേയ്മെന്റ് വരുത്താൻ സാധിക്കാത്തതിനാലാണ് വ്യത്യാസം വന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. മേൽ തുക 23-24 സാമ്പത്തിക വർഷം ഇ ഗ്രാംസ്വരാജ് സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

### 1-1-7 വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ, പേമെന്റ് വൗച്ചറുകൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-8 രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

തനതു വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

### 1-1-9 കഴിഞ്ഞ വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

കഴിഞ്ഞ വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ

| ഹെഡ്ഡ് | 2021-22 വർഷത്തെ | 2022-23 വർഷത്തെ | ഹെഡ്ഡ് |
|---|---|---|---|

| കോഡ് (2021-22) | ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം നീക്കിയിരിപ്പ് | എ.എഫ്.എസ് പ്രകാരമുള്ള മുന്നിരിപ്പ് | കോഡ് (2022-23) |
|---|---|---|---|
| 450210111 | 4131224 | 4131239 | 450210101 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) ILGMS ൽ 05.09.2021 തീയതിയിൽ സോഫ്റ്റ്‌വെയർ പ്രശ്നങ്ങളാൽ ഉൾപ്പെട്ട 15 (10+5) രൂപയുടെ രണ്ട് രസീതുകൾ കാരണമാണ് വ്യത്യാസം ഉണ്ടായതെന്നാണ് അറിയിച്ചിരിക്കുന്നത്. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-1-10 നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

District Co-operative Bank, Malayinkeezhu (105412803000016) അക്കൗണ്ടിന്റെ Bank Reconciliation Statement പരിശോധിച്ചതിൽ Cheque Issued But Not Presented In To Bank എന്ന ഇനത്തിൽ 29.12.2021 ന് നല്കിയ 1500/- രൂപയുടെ 817114-ാം നമ്പർ ചെക്ക് പണമാക്കാതെ അവശേഷിക്കുന്നു. നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) ഈ സാമ്പത്തികവർഷം തന്നെ 1500/- രൂപ Stale Cheque ഇനത്തിൽ ബുക്ക് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-11 ബാങ്ക് ബുക്കിൽ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

Sub Treasury Malayinkil (799011300000094) ന്റെ ബാങ്ക് ബുക്ക് 31.03.2023 ൽ 350177/- രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. LGTSB അക്കൗണ്ടിൽ 30.03.23 ൽ നല്കിയ 350177/-രൂപയുടെ ചെക്ക് ട്രഷറി നിയന്ത്രണം കാരണം പാസാക്കാത്തതിനാലും 31.03.23 ലെ ട്രഷറി ക്രമീകരണം കാരണം അക്കൗണ്ടിലെ മുഴുവൻ തുകയും ഗവൺമെന്റ് Redemption തുകയായി ക്രമീകരിച്ചതിനാലും വ്യത്യാസം കാണപ്പെടുന്നതാണെന്നാണ് മറുപടി നല്കിയിരിക്കുന്നത് (ഓഡിറ്റ് അന്വേഷണം (9/27.10.2023)). ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-1-12 അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സെക്രട്ടറിയുടെ പേരിൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് നം | ബാങ്ക് | നീക്കിയിരിപ്പ് |
|---|---|---|
| 110044437577 | Canara Bank, Malayinkil,(LIFE) | 0 |
| 110056896099 | Canara Bank, Malayinkil,(Health Grant) | 0 |
| 0889104000109123 | IDBI Bank(SBM Gramen), Karamana | 0 |
| 920010050788101 | Axis Bank, Peroorkada | 0 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) 2022-23 സാമ്പത്തിക വർഷം ട്രാൻസാക്ഷൻ ഇല്ലാത്തതിനാൽ ഐഎൽജിഎംഎസിലെ ക്രമീകരണ പ്രകാരം എ..എഫ്.എസ്. ൽ ഉൾപ്പെടുന്നില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ ആക്ടീവ് അക്കൗണ്ടുകളുടെ വിവരവും വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതും നിഷ്ക്രിയമായ അക്കൗണ്ടുകൾ മരവിപ്പിച്ച് തുക ഫണ്ടിലേക്ക് മുതൽക്കൂട്ടി ക്രമീകരിക്കേണ്ടതുമാണ്.

## 1-1-13 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

A) വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് (B-7) പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആധികാരികത പരിശോധിക്കാൻ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

B) വാർഷിക കണക്ക പ്രകാരമുള്ള ഡി സി ബി തുകകൾ പരിശോധിക്കുന്നതിനായി രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

## 1-1-14 ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ |
|---|---|---|

| | | |
|---|---|---|
| | | വൗച്ചർ നമ്പർ/ തീയതി |
| 110100101 | Property Tax On Residential Buildings | 42201253/31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42201327/31.03.2023 |
| 110200101 | Profession Tax - Institutions | 42201512/31.03.2023 |
| **110200105** | Profession Tax - Traders | 42201514/31.03.23 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (50/01.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-15 പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കുള്ള പ്രൊവിഷൻ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-16 സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.10.2023) Stock In Hand സോഫ്റ്റ് വെയറിൽ ലഭ്യമല്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-17 MGNREGS ന്റെ ഭരണചെലവിനത്തിലെ തുകകൾ രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക (I-14(f)) പ്രകാരം |
|---|---|---|
| ഭരണചെലവ് തുക | 85406 | 84757 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/28.10.2023) 649/- രൂപ ബാങ്ക് ചാർജ്ജിനത്തിൽ രസീത് ചെയ്തതിനാലാണ് വ്യത്യാസം കാണപ്പെടുന്നതെന്നും നടപ്പ് സാമ്പത്തികവർഷം ജേണൽ എൻട്രി മുഖേന ക്രമീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-18 ലോൺ രജിസ്റ്ററും വാർഷികധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല.

ലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പും ധനകാര്യപത്രികയിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നീക്കിയിരിപ്പ് | |
|---|---|
| ലോൺ രജിസ്റ്റർ പ്രകാരം | 17794258 |

| | |
|---|---|
| ധനകാര്യപത്രിക പ്രകാരം | 178942258 |

ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/28.10.2023) 2019-20 സാമ്പത്തിക വർഷം 100000/- രൂപ തെറ്റായി വരവിൽ ഉൾപ്പെടുത്തിയതിനാലാണ് വാർഷികധനകാര്യപത്രികയിൽ 100000/- രൂപ കൂടുതലായി കാണപ്പെടുന്നതെന്നും നടപ്പ് സാമ്പത്തികവർഷം അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 25/3/2022 | 14/3/2023 |
| ഭരണ സമിതി തീരുമാനം | 1/1 | 4/1 |
| മുന്നിരിപ്പ് | 7164022/- | 7164022/- |
| പ്രതീക്ഷിത വരവ് | 259982000/- | 289237410/- |
| പ്രതീക്ഷിത ചെലവ് | 265810000/- | 289849957/- |
| നീക്കിയിരിപ്പ് | 1336022/- | 6551475/- |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികമുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള പ്രതീക്ഷിത വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| **ഇനം** | **ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്** | **വാർഷികധനകാര്യ പത്രിക പ്രതീക്ഷിത പ്രകാരമുള്ള വരവ്** |
|---|---|---|
| വസ്തു നികുതി | 8500000/- | 6732415/- |
| തൊഴിൽ നികുതി | 1100000/- | 925770/- |
| സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 200000/- | 0/- |

വസ്തു നികുതി 18 ലക്ഷത്തോളം കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ളതിനാലാണ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ധനകാര്യ പത്രിക പ്രകാരമുള്ള വരവിനേക്കാൾ കൂടിയതെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(47/1.11.23) മറുപടി ലഭ്യമാക്കിയത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 47/1.11.23 നുള്ള മറുപടി).

| **ക്രമ നം.** | **ഇനം** | **കാലയളവ്** | **ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ)** |
|---|---|---|---|
| 1 | നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2021 ഡിസംബർ 15 ന് മുൻപ് | 13.12.2021 തീയതിയിലെ 4(10)-ാം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |
| 2 | നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2022 ജനവരി 15 ന് മുൻപ് | 21.1.2022 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2022 ജനവരി 22 ന മുൻപ് | 30.1.2022 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2022 ഫെബ്രുവരി 1 ന് മുൻപ് | 8.2.2022 തീയതിയിലെ 2(2)-ാം നംമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2022 ഫെബ്രുവരി 28 ന് മുൻപ് | 8.4.2022 തീയതിയിലെ 2(1)-ാം നംമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2022 മാർച്ച് 1 ന് മുൻപ് | 17.3.2022 തീയതിയിലെ 1(1)-ാം നംമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2022 മാർച്ച് 7 ന് മുൻപ് | 24.3.2022 തീയതിയിലെ 1(1)-ാം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | | 25.3.2022 തീയതിയിലെ 1(1)-ാം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം. |

സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയബന്ധിതമായി ബജറ്റ് ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു. സമയബന്ധിതമായി ബജറ്റ് നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകിയതിനെ തുടർന്ന് പദ്ധതി ചെലവുകൾ കൂടി ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്യേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. സാമ്പത്തിക വർഷാവസാനം മാത്രമാണ് ബജറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 16919249 |
| ഓഡിറ്റ് വർഷത്തെ വരവ് | 43670905 |
| ആകെ | 60590154 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38737591 |
| നീക്കിയിരിപ്പ് | 21852563 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 175385080/- രൂപയും ചെലവ് 176521442/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27818005 | 27818005 | 20001244 | 7816761 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5676352 | 5676352 | 4587985 | 1088367 |
| വികസനഫണ്ട് (CFC Tied) | 0 | 8337721 | 8337721 | 3273235 | 5064486 |
| വികസനഫണ്ട് (CFC Untied) | 0 | 3605212 | 3605212 | 2709523 | 895689 |
| മെയിന്റനൻസ് ഫണ്ട് | 0 | 6872000 | 6872000 | 5460644 | 1411356 |

| | | | | | |
|---|---|---|---|---|---|
| (റോഡിതരം) | | | | | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 19731000 | 19731000 | 15795749 | 3935251 |
| CSS | 0 | 0 | 0 | 1553506 | -1553506 |
| SSS | 0 | 0 | 0 | 455000 | -455000 |

## 1-4-1 ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1.a) ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 20001244 |
| | ACR + Source Deduction | 21305327 |
| Development Fund (SCP) | Grant Statement | 4587985 |
| | ACR | 4627985 |
| Development Fund (CFC Tied) | Grant Statement | 3273235 |
| | ACR | 3549135 |

B) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

2.a) സർക്കാർ ഉത്തരവ് (കൈ) നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 6695824/- രൂപയിൽ 4587985/- രൂപയാണ് ചെലവഴിച്ചത്. 31 % തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

B) 2022-23 വർഷം വകയിരുത്തിയ ചുവടെ പറയുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല.

| ക്രമ. നം | പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 46 | ഭവന പുനരുദ്ധാരണം (എസ്സ്.സി) 2020-21 | 75000 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 2 | 308 | ആലന്തറകോണം ഹരിജൻ കോളനിയിലെ ചിൽഡ്രൻസ് പാർക്ക് നവീകരണം | 525000 | അസി. എഞ്ചിനീയർ |

3) സ.ഉ (കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും, കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ, പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ല.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3106840 | 2104997 | 68 |
| കുട്ടികൾ | 422800 | 413978 | 98 |

| | | | |
|---|---|---|---|
| വൃദ്ധർ | 1880191 | 815590 | 43 |
| ഭിന്നശേഷിയുള്ളവർ | 260771 | 103471 | 40 |
| മറ്റ് ദുർബലവിഭാഗങ്ങൾ | 12548730 | 3920000 | 31 |
| അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 365276 | 10800 | 3 |
| സദ്ഭരണ പദ്ധതി | 210000 | 35000 | 16 |

4) വനിത ഘടക പദ്ധതി പ്രകാരം തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽ തുക |
|---|---|
| 303/23 | 316465 |

5) 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും സേവന മേഖലയിൽ ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ പട്ടിക ജാതി വിഭാഗത്തിന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 9479529 | 7547733 | 80 |
| | പട്ടിക ജാതി | 1020000 | 780000 | 76 |
| സേവനം | പൊതുവിഭാഗം | 60437706 | 28241614 | 47 |
| | പട്ടിക ജാതി | 10938055 | 4265656 | 39 |
| പശ്ചാത്തലം | പൊതുവിഭാഗം | 29676247 | 20656112 | 70 |
| | പട്ടിക ജാതി | 525000 | 0 | 0 |

6) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700102 | 1350000 * | മുൻസിപ്പൽ കോർപ്പറേഷൻ |
| 2 | 32700104 | 56270 | ബ്ലോക്ക് പഞ്ചായത്ത് |
| 3 | 32700204 | 1081532 | ബ്ലോക്ക് പഞ്ചായത്ത് |
| 4 | 32700205 | 196000 | ജില്ലാപഞ്ചായത്ത് |

* 2022-23 വർഷം ലഭിച്ച തുക കൂട്ടി ഉൾപ്പെട്ടത്.

7) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

8) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക (ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം) 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320100191 | Nirmal Puraskar | 217231 |
| 320100198 | Grant From Suchitwa Mission | 681310 |
| 320300199 | Grants,Funds&contributions For Specific Purposes-Other Government Agencies | 3458 |
| 320400199 | Grants,Funds&contributions For Specific Purposes – Other Financial Institutions | 800000* |

*2022-23 വർഷം ചെലവഴിച്ചതിൽ ബാക്കി തുക

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/31.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

9) ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രികയിൽ ഗുണഭോക്തൃവിഹിതമിനത്തിൽ 2021-22 വർഷം 104593/-രൂപയും 2022-23 വർഷം 100167/- രൂപയും അവശേഷിക്കുന്നു. ഏതൊക്കെ പ്രോജക്ടുകൾക്കു വേണ്ടി എത്ര വീതം തുകയാണ് സമാഹരിച്ചത് എന്ന വിവരവും ടി തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ കാരണവും വിശദീകരിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കൃഷി ഓഫീസറുടെ പ്രോജക്ടുമായി ബന്ധപ്പെട്ട് 3125/- രൂപയും വി.ഇ.ഒ യുടെ ബയോബിൻ, ഇനാക്കുലം നല്കൽ എന്നീ പ്രോജക്ടുമായി ബന്ധപ്പെട്ട് 97042/- രൂപയും അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ചെലവഴിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക (രൂപ) | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) (രൂപ) | ലാപ്സായ തുക (രൂപ) |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 31453000 | 20001244 | 11451756 |
| വികസനഫണ്ട് എസ്.സി.പി | 5906000 | 4587985 | 1318015 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6872000 | 5460644 | 1411356 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 19731000 | 15795749 | 3935251 |
| **ആകെ** | **63962000** | **45845622** | **18116378** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 12 | 2 | 1463218 | 1990529 | 73.5 % |
| വെറ്റിനറി സർജൻ | 6 | 6 | 0 | 2019694 | 2174000 | 92.9 % |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 12 | 7 | 5 | 3946019 | 5770807 | 68.4 % |
| മെഡിക്കൽ ഓഫീസർ –ഹോമിയോ | 3 | 3 | 0 | 235000 | 235000 | 100 % |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 7 | 7 | 0 | 1520000 | 1520000 | 100 % |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – I | 3 | 2 | 1 | 1500000 | 13735835 | 10.9 % |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – II | 37 | 21 | 16 | 6181694 | 19645392 | 31.5 % |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 12 | 3 | 5029260 | 7456046 | 67.4 % |
| സെക്രട്ടറി | 52 | 31 | 21 | 9255400 | 16096694 | 57.4 % |
| ഫിഷറീസ് ഓഫീസർ | 1 | 1 | 0 | 48000 | 136000 | 35.3 % |
| അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 73 | 24 | 23158292 | 33783666 | 68.5 % |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 0 | 1377433 | 2210000 | 62.3 % |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 15 | 0 | 5757105 | 7322568 | 78.6 % |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 29777792 | 20001244 | 67 % |
| എസ്.സി.പി. | 6695824 | 4587985 | 68 % |
| ടി.എസ്.പി | -- | -- | -- |
| ധനകാര്യ കമ്മിഷൻ അവാർഡ് | 13087715 | 5982758 | 45 % |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3939188 | 1553506 | 39 % |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | -- | -- | -- |
| തനത് ഫണ്ട് | 11476782 | 455000 | 4 % |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 3243375 | 858808 | 26 % |
| മറ്റ് ജില്ലാ പഞ്ചായത്ത് | 3847055 | 417050 | 10.8 % |
| മെയിന്റനൻസ് റോഡ് | 20281666 | 15795749 | 78 % |
| മെയിന്റനൻസ് റോഡിതരം | 8298229 | 5460644 | 66 % |
| മറ്റുള്ളവ | 30687709 | 1851831 | 6 % |
| ആകെ | 142764246 | 63342946 | 44.36 % |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 265 | 193 | 72 | 112076537 | 61491115 | 55 % |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 പ്രകാരം ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 2/25.10.23 ന് മറുപടി ലഭ്യമാക്കാത്തതിനാൽ ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു. 2022-23 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 21.12.22 ന് 15 പേർ പങ്കെടുത്ത യോഗവും 26.04.21 ന് 21 പേർ പങ്കെടുത്ത യോഗവുമാണ് നടത്തിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതിയുടെ 2(1)/07.10.2021-ാം നമ്പർ തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കാലാവസ്ഥ വ്യതിയാനം | 06.05.22 | ചന്തകളിൽ ബയോഗ്യാസ് പ്ലാന്റ് | ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2) ന് മറുപടി ലഭ്യമായില്ല |
| 2 | പൊതുമരാമത്ത് | 21.12.22 | അംഗൻവാടികൾക്ക് ഭൂമി വാങ്ങൽ | ” |
| 3 | പട്ടികജാതി വികസനം | 21.12.22 | കോളനികളിൽ മാലിന്യ പ്ലാന്റ് | ” |
| 4 | വനിതാ വികസനം | 21.12.22 | ബഡ് സ്കൂൾ | ” |

സ്റ്റാറ്റസ് റിപ്പോർട്ട്

പരിഷ്കരിച്ച അവസ്ഥാരേഖ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ച പരിഹാര നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | വിദ്യാഭ്യാസം/കായിക പരിശീലനം നടക്കുന്നില്ല | ഗുരുതരം | കായികാധ്യാപകൻ ഇല്ല | ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2) ന് മറുപടി ലഭ്യമായില്ല |
| 2 | തൊഴിൽ/പരമ്പരാഗത വ്യവസായങ്ങൾ നശിക്കുന്നു | അതീവ ഗുരുതരം | അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം | ” |

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് 2022-23 വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് 2022-23 വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഉപയോഗിച്ച് 2022-23 വർഷം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകും വിധം ആവശ്യകതകൾ നിർണ്ണയിച്ച് പദ്ധതികൾ ആവിഷ്കരിച്ച് മാർഗ്ഗരേഖയും മറ്റ് സർക്കാർ ഉത്തരവുകളും പാലിച്ച് നിർവഹണം നടത്തി പദ്ധതി പണം പാഴാക്കാതെ പദ്ധതി നടത്തിപ്പ് പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത മേൽ ഖണ്ഡികകളിൽ നിന്നും വ്യക്തമാകുന്നു. ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 11400 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 2876800 | 263 |
| വിധവാ പെൻഷൻ | 16472400 | 1489 |
| വാർധക്യകാല പെൻഷൻ | 34359500 | 3072 |
| വികലാംഗ പെൻഷൻ | 4656000 | 390 |
| വിവാഹ ധനസഹായം | 450000 | 15 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 163200 | 16 |

## 1-6-1 സാമൂഹ്യ സുരക്ഷാപെൻഷൻ - അപാകതകൾ

സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്യുമ്പോൾ പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തികളുടെ സ്റ്റാറ്റസ് കോളത്തിൽ ടി വ്യക്തികൾക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐഡി നമ്പർ എന്നീ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, അവ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്നാൽ ഈ നടപടി ക്രമം പാലിച്ചിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഫയൽ നം. / അപേക്ഷാ തീയതി | പെൻഷൻ |
|---|---|---|---|
| 1 | പി എൻ രേവമ്മ | JC2/166/2022, Dtd 13/04/22 | വിധവാപെൻഷൻ |
| 2 | അജിതകുമാരി വി | JC2/190/2022, Dtd 18/04/22 | വിധവാപെൻഷൻ |
| 3 | വാസന്തി പി | JC2/214/2022, Dtd 19/04/22 | വിധവാപെൻഷൻ |
| 4 | രാജരാജേശ്വരി | 400250/SAWP01 /GPO/22/755 | വിധവാപെൻഷൻ |
| 5 | റാണിസുധ പി | 400250/SAWP01 /GPO/22/776 | വിധവാപെൻഷൻ |
| 6 | ശ്രീലേഖ എസ് | 400250/SAWP01 /GPO/22/779 | വിധവാപെൻഷൻ |
| 7 | സതികുമാരി | 1456/22, 10/06/22 | വാർദ്ധക്യകാലപെൻഷൻ |
| 8 | റോബിൻസൺ ഡി | 1934/22, 29/06/22 | വാർദ്ധക്യകാലപെൻഷൻ |
| 9 | വേണുഗോപാലൻനായർ ജി | 7266/22, 20/02/23 | വാർദ്ധക്യകാലപെൻഷൻ |
| 10 | അമ്പിളി ആർ നായർ | 280/23 | വാർദ്ധക്യകാലപെൻഷൻ |

2. രേഖകളുടെ അഭാവത്തിൽ വിവാഹ ധനസഹായം നൽകിയിരിക്കുന്നു.

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായത്തിന് ചുവടെ ചേർക്കുന്ന വ്യക്തികളുടെ അപേക്ഷകൾ പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ് ഇല്ലാതെ ധനസഹായം നൽകിയതായി കാണുന്നു

| പേര് | ഫയൽ നം. |
|---|---|
| ശാന്ത ആർ | A5-5496/20, 05/10/20 |
| സരളകുമാരി ആർ | A5-908/21, 25/01/21 |

3. വാർദ്ധക്യകാലപെൻഷൻ അനുവദിച്ച ശ്രീമതി ഗീതാകുമാരി ജിയുടെ അപേക്ഷ പരിശോധിച്ചതിൽ റേഷൻ കാർഡിന്റെ കോപ്പിയിൽ ടി ഗുണഭോക്താവ് സർവ്വീസ് പെൻഷണർ ആണെന്ന് കാണുന്നു.

മേൽ (ക്രമ നം 1, 2,3) വിഷയങ്ങളുടെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (16/22, 28/10/23) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-6-2 പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ മാസങ്ങളായി പെൻഷൻ തുക നിക്ഷേപിക്കാൻ കഴിഞ്ഞിട്ടില്ല

സേവന പെൻഷൻ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം ആക്ടീവായി തുടരുന്ന ചില പെൻഷൻ ഗുണഭോക്താക്കൾക്ക് തുക കൈമാറാൻ സാധിക്കാത്തതായി കാണുന്നു. Deceased എന്നാണ് കാരണം രേഖപ്പെടുത്തിയിരിക്കുന്നത്. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണർ ഐഡി | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് മോഡ് | സ്റ്റാറ്റസ് | സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഫണ്ട് ട്രാൻസ്ഫർ വിവരം | പെൻഷൻ |
|---|---|---|---|---|---|---|
| 1 | 102810100508 | ദേവദാസൻ | ഡയറക്റ്റ് ടു ഹോം | ആക്ടീവ് | 09/22 To 06/23 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല | കർഷക തൊഴിലാളി ക്ഷേമ പെൻഷൻ |
| 2 | 102810100150 | ഗോപാലകൃഷ്ണൻ | ഡയറക്റ്റ് ടു ഹോം | ആക്ടീവ് | 01/23 To 06/23 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല | കർഷക തൊഴിലാളി ക്ഷേമ പെൻഷൻ |
| 3 | 102810600516 | തങ്കി | ഡയറക്റ്റ് ടു ഹോം | ആക്ടീവ് | 05/22 To 06/23 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല | വാർദ്ധക്യകാല പെൻഷൻ |
| 4 | 102810202536 | ജയിംസ് എച്ച് | ഡയറക്റ്റ് ടു ഹോം | ആക്ടീവ് | 10/22 To 06/23 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല | വാർദ്ധക്യകാല പെൻഷൻ |
| 5 | 102810200848 | രവീന്ദ്രൻ ആർ | ഡയറക്റ്റ് ടു ഹോം | ആക്ടീവ് | 12/22 To 06/23 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല | വാർദ്ധക്യകാല പെൻഷൻ |
| 6 | 102810202798 | വേലപ്പൻ | ഡയറക്റ്റ് ടു ഹോം | ആക്ടീവ് | 7/22 To 06/23 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല | വാർദ്ധക്യകാല പെൻഷൻ |
| 7 | 108810100513 | ഗോവിന്ദൻ നായർ | ഡയറക്റ്റ് ടു ഹോം | ആക്ടീവ് | 08/22 To 06/23 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല | വാർദ്ധക്യകാല പെൻഷൻ |

ടി ഗുണഭോക്താക്കൾക്ക് തുക കൈമാറാൻ സാധിക്കാത്തതിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തി തുടർ നടപടി സ്വീകരിച്ചിട്ടുണ്ടായെന്ന് ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (52/22, 01/11/23) മറുപടി ലഭ്യമാക്കിയില്ല .വിശദമായ അന്വേഷണം ടി വിഷയത്തിന്മേൽ നടത്തി മേൽ ഗുണഭോക്താക്കൾ മരണപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യേണ്ടതുമാണ്. തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6-3 പെൻഷൻ മരണശേഷവും നൽകിയതായി കാണുന്നു

2022-2023 സാമ്പത്തിക വർഷത്തിൽ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവന സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു. സർക്കുലർനം 69/2018/ധന, തീയതി 26/07/2018-ലെ മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. 2022-2023 സാമ്പത്തിക വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവനസോഫ്റ്റ്‌വെയറും പരിശോധിക്കുന്നതിനായി ആധാർ നമ്പരോ, പെൻഷൻ ഐ ഡി നമ്പരോ ലഭ്യമാക്കിയില്ല. ഈ വർഷം മരണപ്പെട്ട വ്യക്തികളുടെ മരണരജിസ്റ്റർ പ്രകാരമുള്ള പേര് രേഖപ്പെടുത്തിയപ്പോൾ ലഭ്യമായ വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്. മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി നം. | മരിച്ച തീയതി | അധികം നൽകിയ കാലയളവ് | സ്റ്റാറ്റസ് | പെൻഷൻ |
|---|---|---|---|---|---|---|
| 1 | ഗോപി എൻ | 102810203962 | 30/05/22 | 06/22 To 02/23 വരെ | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ |
| 2 | രാഘവൻ | 102810202778 | 30/05/22 | 06/22 To 03/23 വരെ | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ |
| 3 | ഓമന അമ്മ | 102810100458 | 16/08/22 | 09/22 To 06/23 വരെ | ആക്റ്റീവ് | കർഷക തൊഴിലാളി പെൻഷൻ |
| 4 | സുശീല പി | 102810201957 | 02/05/22 | 06/22 To 06/23 വരെ | ആക്റ്റീവ് | വാർദ്ധക്യകാല പെൻഷൻ |

മരണപ്പെട്ടവർക്ക് മരണശേഷവും നൽകിയ പെൻഷൻ തുക അവകാശികളിൽ നിന്ന് ഈടാക്കി തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (52/22, 01/11/23) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യേണ്ടതുമാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഫ്രണ്ട് ഓഫീസിൽ ഫോമുകളുടെ രജിസ്റ്റർ ഉണ്ടെങ്കിലും, ആയത് പൂർണ്ണവും കാലികവുമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 123/2009/തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2020-03.07.2020 | 2015-16 മുതൽ 2019-20 വരെ | 27.08.2020 |

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP 40 (B) പ്രകാരം) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1198896 | 1198896 | 84757 | * 1113490 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 37840564 | 37840564 | 37840564 | 0 |
| ആകെ | 0 | 39039460 | 39039460 | 37925321 | 1113490 |

ഭരണചെലവിനത്തിലെ ചെലവ് തുകകൾ MGNREGS ക്യാഷ് ബുക്കും (85406/-) വാർഷികധനകാര്യപത്രികയും (84757/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
* വരവ്, ചെലവ് തുകകളുടെ അടിസ്ഥാനത്തിലുള്ള നീക്കിയിരിപ്പ് തുക 1114139/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-10 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2023 ന് 2.30 PM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22416/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 60 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് എന്നിവ പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപ്പറയുന്ന വാർഡുകൾ പരിശോധിച്ചതിൽ 60 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് നമ്പർ | കെട്ടിട നംമ്പർ | ഉടമയുടെ പേര് | ഫ്ലോർ ഏരിയ |
|---|---|---|---|
| 2 | 215 | വസന്ത (വസന്ത നിവാസ്, കുരിശുമുട്ടം, പേയാട്.പി ഒ ,695573) | താഴത്തെ നില (65ച മീ) |
| 2 | 296 | പ്രഭാകരൻ (കാർത്തിക, കുരിശുമുട്ടം, പേയാട്. പി ഒ,695573) | താഴത്തെ നില (80ച മീ) |
| 2 | 306 | ശ്രീലത (ലത ഭവൻ, കുരിശുമുട്ടം, പേയാട്. പി.ഒ,695573) | താഴത്തെ നില (50ച മീ), ഒന്നാം നില (50ച മീ) |
| 2 | 377 | ദാസൻ നാടാർ (പാറയംവിളാകം,വട്ടവിള, പെരുകാവ്. പി ഒ,695573) | താഴത്തെ നില (65ച മീ), ഒന്നാം നില (60ച മീ) |

| | | | |
|---|---|---|---|
| 2 | 601 | രാജീവലോചനൻ നായർ (ശിവ ശക്തി നിവാസ്, പുതുവീട്ടുമേലെ, പെരുകാവ് പി. ഒ,695573) | താഴത്തെ നില (90ച മീ) |
| 3 | 489 | നിസ്സാർ അഹമദ് (സെനാന എൻക്ലെവ്, വാളിയോട്ടുകോണം, പെരുകാവ് പി ഒ,695573) | താഴത്തെ നില (100ച മീ), ഒന്നാം നില (20ച മീ) |
| 3 | 490 | നിസ്സാർ അഹമദ് (സെനാന എൻക്ലെവ്, വാളിയോട്ടുകോണം, പെരുകാവ് പി ഒ,695573) | താഴത്തെ നില (100ച മീ), ഒന്നാം നില (20ച മീ) |
| 3 | 699 A | വിജയൻ / ലളിത (കവലോട്ട് കോണം, പാർവ്വതീരം, കിഴക്കേകര, പെരുകാവ് പി ഒ,695573) | താഴത്തെ നില (62.62ച മീ) |

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/25.10.2023) ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡ് തല പരിശോധന നടത്തുന്ന സമയത്ത് ടീ കെട്ടിടങ്ങൾ പരിശോധിച്ച് നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-1 രസീതു പരിശോധനയിലെ അപാകതകൾ

1. 2022-23 സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷിപ്പെടുത്തിയിട്ടില്ല.

2. 2022-23 സാമ്പത്തിക വർഷം V E O കൈകാര്യം ചെയ്ത 16268, 16272 എന്നീ രസീത്ബുക്കുകളിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു

A. 16268, 16272 നം രസീത്ബുക്കുകളിൽ ഓരോ രസീതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല, തുകയുടെ വിവരങ്ങൾ അക്ഷരത്തിൽ രേഖപ്പടുത്തിയിട്ടില്ല

B. 16272- ാം നം ബുക്കിൽ രസീത് നം 25 മുതൽ 100 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല

C. 16268-ാം നം ബുക്കിൽ രസീത് നം 54 മുതൽ 100 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (54/22. 02/11/23) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സെക്രട്ടറി ഇപ്പോൾ രേഖപ്പെടുത്തിയിട്ടുണ്ട്. രസീത് ബുക്കുകൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു. പുതിയ ബുക്ക് ഉപയോഗിക്കുന്നതിനു മുന്പ് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷിപ്പെടുത്തിയിരിക്കണം അതുപോലെ പഴയ ബുക്കിലെ ബാക്കി വന്ന ലീഫുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഈ നടപടി ക്രമം പാലിച്ചിട്ടില്ല

## 1-12 ക്രമ വൽക്കരിക്കാത്ത കെട്ടിടം- നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 12-ാം വാർഡിലെ ശ്രീ.ശശിധരൻ നായരുടെ കെട്ടിട നം 1/UA (ബിൽഡിംഗ് ഐഡി 50281010013238) എന്ന കെട്ടിടം നിയമാനുസൃതമല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 75.5 $M^2$ ഉം, കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യവും, ഉപയോഗം തുടങ്ങിയ തീയതി 26/5/2017 ഉം ആണ്. കൂടാതെ ടീ കെട്ടിടത്തിന് യാതൊരു വിധ നികുതി ഒഴിവാക്കലോ, നികുതി ഇളവുകളോടു നൽകിയിട്ടില്ല. 2017 Ist Half മുതൽ 2021 IInd Half വരെ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെ ഒരു രൂപ പോലും കളക്ട് ചെയ്തതായി കാണുന്നില്ല. തുടർന്നുള്ള രണ്ട് വർഷങ്ങളിൻ (2022,2023) വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുമില്ല. ഈ അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(34/30.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 207-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും വസ്തുനികുതി ചുമത്തേണ്ടത് സെക്രട്ടറിയുടെ നിയമാനുസൃത ചുമതലയാണ്. കൂടാതെ സഞ്ചയയിൽ നികുതി ഇളവ് നൽകാത്ത എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. 75.5 $M^2$ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതി നിരക്ക് 6/- രൂപ വച്ച് ഈടാക്കേണ്ട കെട്ടിട നികുതി 1572/-രൂപയാണ് (ഇളവുകകളും വർദ്ധനവും ഉൾപ്പെടെ). നാളിതുവരെയുള്ള നികുതി കുടിശ്ശിക 1572*7=11004/-രൂപയാണ്. ആയത് ഉടമയിൽ നിന്ന് ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്. തുടർ നടപടിവിവരം അറിയിക്കേണ്ടതാണ്.

## 1-13 തനത് നികുതി വരുമാന ശേഖരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് പഞ്ചായത്തിലെ വിഭവസമാഹരണത്തിന്റെ വ്യപ്തിയും ആയതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ലഭ്യമാക്കാൻ നൽകിയ 1/25.10.2023-ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും, നികുതി വരുമാനം കാര്യക്ഷമമായ നികുതി പിരിവിലൂടെ 11200000/- രൂപയായി ഉയർത്തുന്നതിന് വരും വർഷത്തെ ബജറ്റിൽ ശുപാർശ ചെയ്യുന്നു.
2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നില്ല.
3.വസ്തു നികുതി,തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ ക്യാമ്പ് കളക്ഷൻ, നോട്ടീസുകൾ നൽകുന്നതിനുള്ള നടപടി എന്നിവ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി 1872663/-രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക തുക പരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ല.
4. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 20.04.2023 ലെ 2-ാംനമ്പർ തീരുമാനപ്രകാരം 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.
5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേരുന്നില്ല.

വസ്തുനികുതി

1.2022-23 സാമ്പത്തികവർഷത്തിൽ 100% വസ്തുനികുതി പിരിവ് കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വസ്തുനികുതിയുടെ പിരിവ് ഊർജിതമല്ല.
2. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി. യിലെയും വാർഷികധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3.സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4.മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയോ, റോഡ് മാപ്പ് തയ്യാറാക്കി സഞ്ചയയിൽ അപ് ലോഡ് ചെയ്യുകയോ ചെയ്തിട്ടില്ല.
5. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നുണ്ട്.
6.പഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ചുമത്തുന്നില്ല. പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

7. ILGMSൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്യുന്നുണ്ടെന്നും, കൂടാതെ എല്ലാ

മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ടെന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

8.ഉദ്യോഗതല ഫീൽഡ് പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

9.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/അർദ്ധസർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

10.കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരെ ഫയലിൽ സൂക്ഷിക്കുന്നില്ല.

തൊഴിൽനികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. റേഷൻവ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ, മരാമത്ത് കരാറുകാർ എന്നിവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത് എന്നത് വ്യക്തമല്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

4.ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യാവശ്യ കെട്ടിടങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലൈസൻസ് നൽകുക വഴി പൂർണതോതിൽ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധ്യമാവുന്നില്ല.

5. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നതായി പഞ്ചായത്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

6.ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ, ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

7.പഞ്ചായത്തിന് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധന നടത്തി കാലികമായ ആസ്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

## 1-14 തൊഴിൽ നികുതി-അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-14-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 28 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കോൺട്രാക്ടർ ലൈസൻസുള്ളവരാണെന്ന് മരാമത്ത് പ്രവൃത്തി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1/25.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-14-2 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

കേരള പഞ്ചായത്ത് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബിസിനസ് സ്ഥാപനങ്ങൾ/പഞ്ചായത്ത് പരിധിയിൽ ഓഫീസ് ഉള്ള സ്ഥാപനങ്ങൾ എന്നിവ പ്രതിവർഷം വരുമാനത്തിന് ആനുപാതികമായ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം താഴെപറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി തൊഴിൽ നികുതി രജിസ്റ്ററിലോ, സ്റ്റേറ്റ്മെന്റിലോ രേഖപ്പെടുത്തിയിട്ടില്ല.

1. സെന്റ് ജെമ്മാസ്കൂൾ, വിഴവൂർ
2. സെന്റ് മേരീസ് സെൻട്രൽ സ്കൂൾ
3. സെന്റ് സേവ്യേഴ്സ് ഇംഗ്ലീഷ് സ്കൂൾ
4. കണ്ണശ്ശ മിഷൻ ഹൈസ്കൂൾ
5. കല്ലുവരമ്പിൽ ഹോംസ്

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നല്പിയ ഓഡിറ്റ് എൻക്വയിക്ക്(നം.35/31.10.23) മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15 സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് അനുവദിച്ച് നൽകിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു

ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 205 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1257 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 179 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 7 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 15 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 62 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 24 |
| 7 | റിസോർട്ടുകൾ | 13 |
| | **ആകെ** | **1557** |

മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (25/30.10.23) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ കെട്ടിടങ്ങൾ എല്ലാം ഒഴിഞ്ഞു കിടക്കുകയാണോ, അതോ അവയിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-1 മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസസൻസ് നല്കിയതായി കാണുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 07, പട്ടിക II (31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്) നിഷ്കർഷിക്കും പ്രകാരം വ്യാപാര സ്ഥാപനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവയുടെ മൂലധന നിക്ഷേപത്തിനനുസൃതമായി വാർഷിക ലൈസൻസ് ഫീ നിശ്ചയിക്കുകയോ ആയത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ വിറ്റുവരവ്, മൂലധന ചെലവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് നൽകിയ അപേക്ഷകൾ പരിശോധിച്ചപ്പോൾ മൂലധനം നിക്ഷേപം കണക്കാക്കാതെ സ്ഥാപനങ്ങൾക്ക് ലൈസസൻസ് നല്കിയതായി കാണുന്നു.

ചില ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | വ്യാപാരം | കെട്ടിട നം |
|---|---|---|---|
| 1 | സന്തോഷ് എം നായർ | സോഡാ & കുടിവെള്ളം നിർമ്മാണവും പായ്ക്ക് ചെയ്ത് വിൽപ്പനയും | XV/364-A, 364-B |
| 2 | നിമി ജി ആർ | പലവ്യഞ്ജനവ്യപാരം | lll/31 |
| 3 | എൻ കെ ഗോപാലകൃഷ്ണൻ | പെട്രോൾ, ഡീസൽ സ്റ്റോക്ക് ചെയ്ത് വിൽപ്പന | ll/14, 14-A |
| 4 | പി വിജയൻ | ആയുർവേദ സെന്റർ | Xlll/50A, 50H, 39-44 |
| 5 | ദി മാനേജിംഗ് ഡയറക്ടർ | മോഡ്യുലാർ കിച്ചൺ &അക്സസറീസ് മാനുഫാക്ചറിംഗ് യൂണീറ്റ് | XV/71-D |
| 6 | സനിൽകുമാർ പി ഐ | പലചരക്ക്, പച്ചക്കറി, ഫ്രൂട്ട്സ് | l/538, 539 |

ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (30/ 30.10.23) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

## 1-15-2 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി/ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2022-2023 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതു ഫണ്ടിന്റെ വരുമാന ശോഷണത്തിനും ലൈസൻസില്ലാതെ നിയമ വിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (സി. എസ്)എ9-764/2019 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-l, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 30/10/2022 തീയതിയിൽ 25-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും അവയ്ക്ക് ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

## 1-15-3 ഫാമുകളുടെ ലൈസൻസ്-അപാകങ്ങൾ

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തു പരിധിയിൽ എണ്ണത്തിൽ ഡയറി ഫാം -2, ഗോട്ട് ഫാം -4. ഇറച്ചിക്കോഴി ഫാം -2, മുട്ടക്കോഴി ഫാം -2 എന്നിങ്ങനെ സ്വകാര്യമേഖലയിലെ ഫാമുകൾ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. എന്നാൽ അവയിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കിയതായി ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെ ടുത്തിക്കാണുന്നില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (46/22, 01/11/23) മറുപടി ലഭ്യമാക്കിയില്ല. സ്വകാര്യമേഖലയിലെ ഫാമുകൾ ക്ക് ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-4 ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-ഫീൽഡ് പരിശോധന നടത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. തിയേറ്ററുകൾ, ബാറുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ, ജിംനേഷ്യം, യോഗപരിശീലന സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല.

അനധികൃതമായി പ്രവർത്തിച്ച് വരുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ, ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (25/30.10.23) മറുപടി ലഭ്യമാക്കിയില്ല. ടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-15-5 ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | പേര് | വ്യാപാരം | കെട്ടിട നം |
|---|---|---|---|
| 1 | മൂസ എം | Payyans Mens Wear | V/91 |
| 2 | പ്രദീപ് കുമാർ ജി എസ് | Victory Enterprises | XVI/384 |
| 3 | സതീഷ്കുമാർ | S. B. Enterprises | V/447 |
| 4 | പ്രേമ വി എസ് | Dreams Bakery @ Stores | VIII/516/A |
| 5 | സുനിൽ എസ്. എസ് | Flours & Tools Hardware | V/72 |
| 6 | റ്റി എസ് നവാസ് | N S Fruits & Vegetables | II/607-B |
| 7 | അനിൽകുമാർ | ഉദയാ മെഡിക്കൽസ് | VIII/2-A |
| 8 | അബ്ദുൾ കരീം | മോഡേൺ ബിൽഡേഴ്സ് | V/120 |
| 9 | പ്രശാന്ത് കുമാർ കെ എസ് | കൃഷ്ണ സ്റ്റോർ | VI/66 |
| 10 | സയ്യദ് അലി | Lulu Fashion Gold Covering | V/147 |

ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (30/30.10.23) മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത്‌രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ആയതിനാൽ മേൽ സ്ഥാപനങ്ങൾ 2022-23 വർഷം പ്രവർത്തിച്ചിരുന്നോയെന്ന് പരിശോധന നടത്തേണ്ടതും ഉണ്ടെങ്കിൽ അവയിൽ നിന്നും നിയമാനുസൃത പരിശോധനകൾ നടത്തി ലൈസൻസ് നൽകുന്നതിനും, ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽ കൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 13 ലക്ഷം രൂപയുടെ കിച്ചൺ ബിന്നുകൾ -വിതരണം ചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നു

പ്രോജക്ട് നമ്പർ - 240/23

പ്രോജക്ടിന്റെ പേര് – കിച്ചൺ ബിൻ

അടങ്കൽ : 1321500 (ധനകാര്യകമ്മീഷൻ അവാർഡ്)

144936 (ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ അടയ്ക്കുന്നത്.)

ചെലവ് വിവരം – Bill No. 656/25.03.23 തുക 1321500/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ. I – ശ്രീ. അഭിലാഷ്.

പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ബയോ കമ്പോസ്റ്റർ കിച്ചൻ ബിൻ, ഇനോക്കുലം ഘട്ടം ഘട്ടമായി വിതരണം നടത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ. 671 കിച്ചൻ ബിന്നുകൾ വിതരണം ചെയ്യാനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 01.03.23 തീയതിയിൽ ഗ്രീൻ വില്ലേജ് എന്ന സ്ഥാപനവും വി.ഇ.ഒ യുമായി നടത്തിയ നെഗോസ്യേഷന്റെ അടിസ്ഥാനത്തിൽ ബയോ കമ്പോസ്റ്റർ കിച്ചൻ ബിൻ ഒന്നിന് 2,075/- രൂപ നിരക്ക്

നിശ്ചയിച്ചിട്ടുണ്ട്. ഗ്രീൻ വില്ലേജ് 25.03.23 തീയതിയിൽ 671 കിച്ചൺ ബിന്നുകൾ പഞ്ചായത്തിൽ എത്തിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ 216 രൂപ വീതം 424 പേരിൽ നിന്നും 91,584/- രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഗ്രീൻ വില്ലേജ് എന്ന സ്ഥാപനത്തിന് 70,432/- രൂപ മാത്രമാണ് നല്കിയിരിക്കുന്നത്. ആയത് ഗ്രീൻ വില്ലേജ് കൈപ്പറ്റിയത് 21.10.2023 ന് മാത്രമാണ്. ഹാജരാക്കിയ രേഖകൾ (കൈപ്പറ്റ്) പ്രകാരം 219 പേരാണ് കിച്ചൺ ബിന്നുകൾ കൈപ്പറ്റിയിരിക്കുന്നത്. ലഭ്യമായ കിച്ചൺ ബിന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. കൃത്യമായി സ്റ്റോക്കിലെടുക്കുകയോ ഗുണഭോക്തൃവിഹിതം ഈടാക്കി വിതരണം ചെയ്യുകയോ ചെയ്യാത്തതിനാൽ അവശേഷിക്കുന്ന കിച്ചൺ ബിന്നുകൾ ചിത്രത്തിൽ കാണുന്നതു പോലെ സ്വകാര്യ സ്ഥാപനത്തിൽ (മലയം NSS കരയോഗം ഹാളിൽ) കൂട്ടിയിട്ടിരിക്കുകയാണ്. എത്ര കിച്ചൺ ബിന്നുകൾ അവശേഷിക്കുന്നുവെന്നോ എത്രയെണ്ണം വിതരണം ചെയ്തുവെന്നോ കൃത്യമായ കണക്കുകളില്ല. കിച്ചൺ ബിന്നുകൾ ഉപയോഗിക്കുന്നതായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (48/01.11.23) സ്റ്റോക്കിലെടുത്ത് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. പദ്ധതി ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. 671 ബയോ കമ്പോസ്റ്റർ കിച്ചൺ ബിന്നുകളും ഗുണഭോക്തൃവിഹിതം ഈടാക്കി വിതരണം ചെയ്ത് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ വിഹിതം നേരിട്ടടക്കുന്നത് ഒഴിവാക്കിയാൽ 1 കിച്ചൺ ബിന്നിന് 1859/- രൂപ വീതം 12,47,389/- രൂപ മാത്രമേ നൽകേണ്ടതുള്ളൂ. എന്നാൽ 13,21,500/- രൂപ വികസന ഫണ്ടിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 70432/- രൂപയും നൽകിയിട്ടുണ്ട്. അധികം നൽകിയ തുക സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.



## 1-17 വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി - അപാകങ്ങൾ

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി നടപ്പിലാക്കുന്നതിൽ പൊതുവായി താഴെ പറയുന്ന അപാകതകൾ കണ്ടു.

1) വി.ഇ.ഒ. യുടെ ക്യാഷ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല

2) സ്റ്റോക്ക് രജിസ്ററർ പരിപാലിക്കുന്നില്ല

3) ഗ്രാമസഭ കൂടി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല.

4) അർഹതാ മാനദണ്ഡങ്ങൾ പാലിക്കാതെയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നല്കുന്നു

5) പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി ആവശ്യകത നിശ്ചയിക്കാതെ കിച്ചൺ ബിന്നുകളും ഇനാക്കുലവും വാങ്ങിയിരിക്കുന്നു.

6) വിതരണം രജിസ്റ്റർ, കൈപ്പറ്റ് രേഖ എന്നിവ സൂക്ഷിക്കുന്നില്ല.

7) അപേക്ഷയോ അനുബന്ധരേഖകളോ കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല.

8) ചെലവുകൾക്കൊന്നും വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

9) അതാത് പ്രോജക്ടുമായി ബന്ധപ്പെട്ട് പിരിച്ചെടുക്കുന്ന ഗുണഭോക്തൃവിഹിതം അതാത് ദിവസങ്ങളിൽ ഫ്രണ്ട് ഓഫീസിൽ അടയ്ക്കുകയോ കണക്ക് സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

ഗുണഭോക്തൃവിഹിതം വകയിരുത്തുന്ന പദ്ധതികളിൽ തൻവർഷം തന്നെ പദ്ധതി തുക ചെലവഴിക്കുന്നതിനോടൊപ്പം ഗുണഭോക്തൃവിഹിതവും പിരിച്ചെടുത്ത് ചെലവുചെയ്യാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ പരിഹരിച്ച് സബ്സിഡി മാർഗ്ഗരേഖയിലെയും പദ്ധതിമാർഗ്ഗരേഖയിലെയും നിബന്ധനകളും നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നതായികാണുന്നു.

| | |
|---|---|
| Festival Advance | 36000 |

| | |
|---|---|
| Other Advances | 100016 |
| Advance To Implementing Officers | 152803 |

മുൻകൂറുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/27.10.2023) ഫെസ്റ്റിവൽ അഡ്വാൻസ് 36000/- രൂപ നടപ്പ് (2023-24) സാമ്പത്തിക വർഷം അടവാക്കിയിട്ടുണ്ടെന്നും മറ്റു മുൻകൂറുകൾ നടപ്പ് സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. മുൻകൂറുകൾ 3 മാസകാലയളവിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കേ അവ ക്രമീകരിക്കാതെ അവശേഷിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ചതിന്റെയും അടവാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഓട്ടോറിക്ഷാ വാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ - (259/23)

പ്രോജക്റ്റിന്റെ പേര് – പ്രാദേശിക സാമ്പത്തിക വികസനം-ഓട്ടോറിക്ഷാ വാങ്ങൽ

അടങ്കൽ : 346875 (വികസനഫണ്ട്- പൊതുവിഭാഗം)

503125 (തനത് ഫണ്ട്)

ചെലവ് വിവരം – Bill No/ 27, 29.3.23 – 100000/-(വികസനഫണ്ട്- പൊതുവിഭാഗം)

29, 31.3.23 – 200000/- (വികസനഫണ്ട്- പൊതുവിഭാഗം)

31, 31.03.23 – 46,875/- (വികസനഫണ്ട്- പൊതുവിഭാഗം)

732/29.03.23 -253125/- (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ. II

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ വിതരണം ചെയ്ത് സ്വയം തൊഴിലിന് പര്യാപ്തമാക്കി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക എന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. ഓട്ടോറിക്ഷ വാങ്ങുന്നതിനായി 12 വ്യക്തികൾക്കായി 50000/- രൂപ വീതം 600000/- രൂപ ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.8 ലെ മാനദണ്ഡങ്ങൾ 2,3,5 എന്നിവ പ്രകാരം ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക് അപേക്ഷിക്കാമെന്നും വാഹനം ലഭിക്കുന്നതിന് മുൻപ് ബാഡ്ജ് കരസ്ഥമാക്കിയിരിക്കണമെന്നും 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ ഗുണഭോക്താക്കൾ ആരും തന്നെ ബാഡ്ജ് കരസ്ഥമാക്കിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ വാഹനം വാങ്ങിയതിന്റെ രേഖകളും (ആർ.സി.ബുക്കിന്റെ പകർപ്പ്) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

1) അപേക്ഷയോ അനുബന്ധരേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താക്കളായ കലേഷ്കുമാർ, ഷാജി.ആർ എന്നിവർ അപേക്ഷയോ അനുബന്ധരേഖകളോ സമർപ്പിച്ചിട്ടില്ല. രേഖകളൊന്നും ഹാജരാക്കാതെ സബ്സിഡി അനുവദിച്ചിരിക്കുന്നു.

2) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

അനിൽ ബാബു.ബി.എസ്, നെടിയവിളവീട്. പേയാട്.പി.ഒ., മുരളീധരൻ നായർ. എ, ജയഭവൻ, പൊറ്റയിൽ

രജി.ആർ, രജി നിവാസ്, മലയം.പി.ഒ എന്നിവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല, ഗ്രാമസഭാ മിനിട്സ് ബുക്ക് പരിശോധനയിൽ ടി വ്യക്തികൾ ഗ്രാമസഭയിൽ പങ്കെടുത്തിട്ടുമില്ല. അർഹരായ ഗുണഭോക്താളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ആനുകൂല്യം നല്കിയിരിക്കുന്നു.

3) ഓട്ടോറിക്ഷാ വാങ്ങിയതിന്റെ രേഖകൾ ( ആർ.സി.ബുക്ക് അടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) ആനുകൂല്യം കൈപ്പറ്റിയവർ തന്നെ വാഹനം ഉപയോഗിക്കുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) അർഹതാമാനദണ്ഡങ്ങളോ നടപടിക്രമങ്ങളോ പാലിക്കാതെ സബ്സിഡി അനുവദിച്ചിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (44/01.11.23) ആനുകൂല്യം കൈപ്പറ്റിയവർ തന്നെ വാഹനം ഓടിക്കുന്നുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ഗുണഭോക്താക്കളുടെ ആർ.സി.ബുക്കിന്റെ വിശദാംശങ്ങൾ പരിശോധിച്ച് വാഹനം വാങ്ങിയതിന്റെയും വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്തിട്ടില്ലായെന്നും നിലവിലും വാഹനം ഉപയോഗിക്കുന്നതിന്റെയും വിവരങ്ങൾ പ്രാദേശികസാമ്പത്തികവികസനം വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്യേണ്ടതും മേൽ പദ്ധതി നടപ്പിലാക്കിയതു വഴി പ്രാദേശിക വികസനം സാധ്യമാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഭരണസമിതി വിലയിരുത്തി റിപ്പോർട്ട്

സമർപ്പിക്കേണ്ടതുമാണ്.

## 1-20 അരോഗ്യരംഗം - ആയുർവേദം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1. പ്രോജക്ടിന്റെ പേര് --പകർച്ചപനി പ്രതിരോധ പ്രവർത്തനം

പ്രോജക്ട് നം --250/23

അടങ്കൽ/ചെലവ് --100000/100000 (മെയിന്റനൻസ് റോഡ് -റോഡിതരം)

ബിൽ നം -- 03/22-23, Dt, 16/11/22

മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനായി വാങ്ങിയ അപരാജിതധൂമചൂർണ്ണം 175 എണ്ണം വീതം 17 വാർഡിലും തുല്യമായി വീതിച്ച വാർഡ് മെമ്പർമാരെ എൽപ്പിക്കുന്നതിന് മെഡിക്കൽ ഓഫീസറോട് നിർദ്ദേശിച്ച തീരുമാനിച്ചു (15/6/23 -ലെ 9(13) നമ്പർ തീരുമാനം). എന്നാൽ 6 വാർഡിലെ മെമ്പർമാർക്ക് നൽകിയ കൈപ്പറ്റ് രേഖ മാത്രമാണ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത്. ബാക്കി 11 വാർഡുകളിലെ മെമ്പർമാർ ടി ചൂർണ്ണം കൈപ്പറ്റിയ രേഖ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. പ്രോജക്ടിന്റെ പേര് --ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്ക് ആയുർവേദ ചികിൽസ

പ്രോജക്ട് നം --249/22-23

അടങ്കൽ/ചെലവ് --200000/200000 (മെയിന്റനൻസ് റോഡിതരം)

ബിൽ നം -- 04/22-23, Dt, 18/01/23

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്ക് ആയുർവേദ ചികിൽസ നൽകുന്നതിനു വേണ്ടിയാണ് ടി പ്രോജക്ട് രൂപീകരിച്ചത്. പ്രസ്തുത പ്രോജക്ടിലെ ഫയലുകൾ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടു

A. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശം ഉള്ളതായി കാണുന്നില്ല.

B. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പ്രോജക്ട് ഫയലിൽ ലഭ്യമല്ല.

C. ഗുണഭോക്താക്കൾ തൊഴിലുറപ്പ് തൊഴിലാളികളാണെന്ന് ഉറപ്പു വരുത്തിയ രേഖ, അവർ പ്രസ്തുത മരുന്നുകൾ കൈപ്പറ്റിയ രേഖ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (20/ 30/10/23) സബിസിഡി മാർഗ്ഗരേഖയിൽ നിർദ്ദേശം ഇല്ലെങ്കിലും ഡി പി സി അംഗീകാരം ലഭിച്ച പ്രോജക്ടാണെന്ന് അറിയിച്ചു. ഗുണഭോക്തൃലിസ്റ്റ് പ്രകാരമല്ല പദ്ധതി നടപ്പാക്കുന്നതെന്നും ആവശ്യമുള്ള എല്ലാവർക്കും മരുന്നുകൾ കൊടുക്കുമെന്നുമാണ് ലഭ്യമായ മറുപടി. കൂടാതെ ചികിൽസയ്ക്കായി എത്തുന്നവരുടെ തൊഴിൽ കാർഡിന്റെ കോപ്പി സ്ഥാപനത്തിൽ ഫയൽ ചെയ്യുന്നുണ്ടെന്ന് അറിയിച്ചു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-21 അലോപ്പതി മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. 155948/ രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ടിന്റെ പേര് --പി എച്ച് സി യ്ക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നം --19/22-23

അടങ്കൽ/ചെലവ് --1000000/1000000 (വി.ഫ.പൊതുവിഭാഗം )

ബിൽ നം -- 14/22-23, Dt 7/12/22 400000/-

11/22-23, Dt, 17/09/22 450000/-

20/22-23 Dt 16/01/23 1176/-

21/22-23 Dt 16/01/23 8530/-

22/22-23 Dt 16/01/23 40000/-

42/22-23Dt 31/03/23 38737/-

32/22-23 Dt 31/03/23 61557/-

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ മുകളിൽ പറഞ്ഞ പ്രോജക്ടിൽ ബിൽ നം. 14/22-23, തീയതി 7/12/22 പ്രകാരം കാരുണ്യ ഫാർമസിയ്ക്ക് അനുവദിച്ചിരുന്നതിൽ 400000/- രൂപ 244052/- രൂപയുടെ ടാക്സ് ഇൻവോയിസ് ബിൽ, മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 155948/-രൂപയുടെ മരുന്നുകളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (45/01.11.23) ബാക്കി രൂപയുടെ മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്ന് ലഭ്യമായിട്ടില്ല എന്നറിയിച്ചു.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അതുവരെ 155948/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ലഭ്യമാക്കി മേൽ തുകയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്കും പി എച്ച് സി യുടെ ലോഗ് ബുക്കും പരിശോധിച്ചതിൽ കണ്ട അപാകതകൾ

പാലീയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്കും പി എച്ച് സി യുടെ ലോഗ് ബുക്കും പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു

പി എച്ച് സി വാഹന നമ്പർ --KL 20 J 2935

പാലീയേറ്റീവ് കെയർ വാഹന നമ്പർ--KL 01 CJ 5340

1. സർക്കുലർ നം 41/2008/ധനം 02/8/2/2008 (5) പ്രകാരം ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ മേൽ പറഞ്ഞ വാഹനങ്ങളിൽ ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിച്ചിട്ടില്ല.

2. സ.ഉ. (സാധാ) നം. 170/07തസ്വഭവ തീയതി 30.06.2007 പ്രകാരം വാഹനങ്ങളിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതും, ഇന്ധനം നിറയ്ക്കുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം സാക്ഷ്യപ്പെടുത്തലുകൾ ഒന്നും മേൽ പറഞ്ഞ വാഹനങ്ങളിലെ ലോഗ് ബുക്കിൽ കാണുന്നില്ല. ഇന്ധനം നിറച്ച വൗച്ചർ ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (49/22, 01/11/23) ഇന്ധനക്ഷമതാ ടെസ്റ്റിന്റെ വിശദ വിവരങ്ങളും, ഇന്ധനം നിറച്ച വൗച്ചറിന്റെ വിവരങ്ങളും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കൃത്യമായും സാക്ഷ്യപ്പെടുത്തുന്നുണ്ടെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും തന്നെ ലോഗ്ബുക്കിൽ വരുത്തിയിട്ടില്ല.

## 1-23 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല. 36708/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ടിന്റെ പേര് --ഹോമിയോ ആശുപത്രിലേയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം --286/22-23

അടങ്കൽ/ചെലവ് --200000/200000 മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽ നമ്പർ - 01/22-23, Dt, 17/12/22

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ മുകളിൽ പറഞ്ഞ പ്രോജക്ടിൽ 2,00,000/-രൂപ ഹോംകോയ്ക്ക് അനുവദിച്ചതിൽ 163292/- രൂപയുടെ മരുന്ന് വാങ്ങിയതിന്റെ ടാക്സ് ഇൻവോയിസ് ബിൽ, മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 36708/- രൂപയുടെ മരുന്നുകളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (11/27.10.2023) 36708/- രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്ന് ലഭ്യമായിട്ടില്ല എന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചു. ടി സാഹചര്യത്തിൽ 36708/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി മേൽ തുകയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പ്രവർത്തനക്ഷമമാക്കാത്തതിനാൽ 2,04,900/- രൂപ തടസ്സപെടുത്തുന്നു.

പ്രോജക്ട് നമ്പർ - (192/23)

പ്രോജക്ടിന്റെ പേര് – സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം
അടങ്കൽ – 204900/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് വിവരം – Bill No.376/24.01.23 തുക – 204900/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.I – ശ്രീ. അഭിലാഷ്.

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, ഡാറ്റബേസ് തയ്യാറാക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യം വച്ചിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം ഇംപ്ലിമെന്റേഷനും സർവ്വീസ് ചാർജ്ജ് നൽകുന്നതിനും, എസ്.എം.എസ് ചാർജ്ജ് എന്നിവയുമായി 2022-23 സാമ്പത്തിക വർഷം 204900/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് അപാകതകൾ ചുവടെ ചേർക്കുന്നു.

- നിലവിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എപ്രകാരം ആണ് പ്രവർത്തിക്കുന്നത്

സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

- സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുകയോ ആയത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്തിട്ടുണ്ടെന്ന് പ്രസ്തുത റിപ്പോർട്ടും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സും ലഭ്യമാക്കിയിട്ടില്ല.
- QR കോഡുകൾ ലഭ്യമായതിന്റേയും ആയത് ഗ്രാമ പഞ്ചായത്തിലെ വീടുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പതിപ്പിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ 23/30.10.23) ലഭ്യമായ 13000 QR കോഡുകളിൽ അവശേഷിക്കുന്നത് 250 എണ്ണമാണെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ QR കോഡുകൾ ലഭ്യമായതിന്റേയോ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം പ്രവർത്തനക്ഷമമായതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായി ചെലവാക്കിയ തുക 2,04,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കുറഞ്ഞ നിരക്കിൽ നല്കിയിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രൊഫഷണൽ കോഴ്സ് |
| പദ്ധതി നമ്പർ | 202/23 |
| പദ്ധതി അടങ്കൽ | ആകെ 3,50,000/- രൂപ (332329/-രൂപ – വികസന ഫണ്ട് SCP, 17671/- രൂപ തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 332329/- രൂപ വികസന ഫണ്ട്SCP, 17671/- രൂപ തനത് ഫണ്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന കോഴ്സ് പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. എന്നാൽ പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജിഷാ.എസ്.ജയൻ എന്ന വിദ്യാർത്ഥിനി M.Sc.(Botany)കോഴ്സിനാണ് പഠിക്കുന്നത്. ജി.ഒ. (എം.എസ്) 115/2022 /ത.സ്വ.ഭ.വ. തീയതി 28-5-22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7-2-4 പ്രകാരം PG വിദ്യാർത്ഥികൾക്ക് അർഹമായ പ്രതിവർഷ സ്കോളർഷിപ്പ് 30000/- രൂപയാണ്. എന്നാൽ ടിയാൾക്ക് 20000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. MA.(Economics) കോഴ്സ് പഠിക്കുന്ന മിത്രാ.M എന്ന വിദ്യാർത്ഥിനിക്ക് ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി, 30000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഒരേ പദ്ധതിയിൽപ്പെടുത്തി, സമാനകോഴ്സ് ചെയ്യുന്ന രണ്ടു വിദ്യാർത്ഥികൾക്ക് രണ്ടു നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്നത് വിവേചനമാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/28.10.23) മറുപടി ലഭ്യമാക്കിയില്ല. ജിഷാ.എസ്.ജയൻ എന്ന വിദ്യാർത്ഥിനിക്ക് കുറവായി 10000/- രൂപ നല്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും ജനറൽ കമ്മിറ്റി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-26 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

2022-'23 വർഷം ഏറ്റെടുത്ത 18 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | SO40-വിഴവൂർ സബ്സെന്റർ ഇലക്ട്രിക്കൽ മെയിന്റനൻസ് | സെക്രട്ടറി |
| 2 | SO_86 മാലിന്യം നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക് വാഹനം | സെക്രട്ടറി |
| 3 | SO-82-അംഗൻവാടിക്ക് ടെലിവിഷൻ വാങ്ങൽ | സെക്രട്ടറി |
| 4 | SO-87 -ജലജീവൻമിഷൻ | സെക്രട്ടറി |

| | | |
|---|---|---|
| 5 | SO-38-നിലാവ് | സെക്രട്ടറി |
| 6 | SO-36-പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ലാപ്ടോപ്, പ്രിന്റർ വാങ്ങൽ. | സെക്രട്ടറി |
| 7 | SO-83, കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കൽ | സെക്രട്ടറി |
| 8 | So-88,89-അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | സെക്രട്ടറി |
| 9 | SO-39-വാതിൽപടി സേവനം | സെക്രട്ടറി |
| 10 | SO-57-'ടേക്ക് -എ-ബ്രേക്ക് – ടോയ്ലറ്റ് നിർമ്മാണം | അസി.എഞ്ചിനീയർ |
| 11 | SO-68-കണ്ടാം കോണംഇടവഴി റോഡ് കോൺക്രീറ്റിംഗ് | അസി.എഞ്ചിനീയർ |
| 12 | SO-71-വഴുതോട്ടുവിള കുറിച്ചിലി വിള റോഡ് പുനരുദ്ധാരണം | അസി.എഞ്ചിനീയർ |
| 13 | SO-60-പുലിപ്പാറവിള റോഡ് റീടാറിംഗ് | അസി.എഞ്ചിനീയർ |
| 14 | SO-81-പൊതുടോയ്ലറ്റ് | അസി.എഞ്ചിനീയർ |
| 15. | SO-61-നാലാം കല്ല് -വഴുളർക്കോണം ഇടവഴി കോൺക്രീറ്റിംഗ് | അസി.എഞ്ചിനീയർ |
| 16. | SO-63-മലയം ശിവക്ഷേത്രുംബലിക്കടവ് മണ്ഡപം നിർമ്മാണം | അസി.എഞ്ചിനീയർ |
| 17 | SO-46-ഭവന പുനരുദ്ധാരണം(എസ്.സി)2020-21 | വി.ഇ.ഒ |
| 18 | SO-43- വിവിധ സ്ഥലങ്ങളിൽ പ്രീമിയം ഇ-ടോയ്ലറ്റ് | വി.ഇ.ഒ |
| 19 | SO-43- കോവിഡ് രോഗപ്രതിരോധപ്രവർത്തനം | സെക്രട്ടറി |

നടപ്പിലാക്കാത്ത മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. ഇവയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ഫണ്ടുകൾ പാഴാകാനുള്ള സാധ്യതയുണ്ട്. ഓഡിറ്റ് അന്വേഷണം -12/27.10.23 പ്രകാരം ഈ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ അതതു വർഷം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വെള്ളക്കരം-കുടിശ്ശിക പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 114795/- രൂപയാണ് 238 പൊതുടാപ്പുകൾക്കുള്ള വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നത്. KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2022ആഗസ്റ്റ് മാസത്തെ ബിൽ പ്രകാരം,Closing Balance As On -31/7/22-14956181 രൂപയും, Demand For The Month -114795/- രൂപയും , ഫൈൻ -293324/- രൂപയും ചേർത്ത് ആകെ Amount Payable-15364300/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 114795/- രൂപ മാത്രമേ KWA യ്ക്ക് നല്കി വരുന്നത്. ഈവിധം ഭീമമായ കുടിശ്ശിക വരാനുള്ള സാഹചര്യം വിശദമാക്കാനും, ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനും, ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (39/31.10.2023) മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. KWAമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ ജനറൽകമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. കുടിശ്ശിക പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരക്കേണ്ടതാണ്.

## 1-28 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയില്ല

പതിന്നാലാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ- ജി.ഒ (എം.എസ്) നമ്പർ 84/2022/ ത.സ്വ.ഭ.വ. തീയതി 19/4/22 ലെ ഖണ്ഡിക 8-14, പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം, റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. അതോടൊപ്പം തന്നെ സ്വാഭാവിക ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണം. നിലവിലുള്ള റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് സംവിധാനം ഉറപ്പു വരുത്തണം. ഗ്രാമ പഞ്ചായത്ത് തൻവർഷം നിരവധി റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, റോഡുമായി ബന്ധപ്പെട്ട ഓടകൾ, സൈഡുവാളുകൾ എന്നീ പ്രവൃത്തികൾ

ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഇവ ഏറ്റെടുത്തിരിക്കുന്നത്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും (പ്രോജക്ട് നം.52) ആയത് പൂർത്തിയായിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/25.10.2023)മറുപടി ലഭ്യമാക്കിയ മറുപടയിൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നതായി അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-29 വെള്ളക്കരം കുടിശ്ശിക-ധനനഷ്ടം വരുന്നത് ഒഴിവാക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

ജനറൽ കമ്മിറ്റിയുടെ 26/12/22 ലെ തീരുമാനം നം.8-2 ൽ താഴെ പറയുന്ന അംഗൻവാടികളുടെ വെള്ളക്കരം കുടിശ്ശിക KWA നടത്തിയ അദാലത്തിൽ കുറവു ചെയ്തു കിട്ടിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമനം | കൺസ്യൂമർ നം | ആദ്യബിൽ തുക (രൂ) | അദാലത്തിനു ശേഷമുള്ള തുക(രൂ) |
|---|---|---|---|
| 1 | VKL/2397/N | 52960 | 41514 |
| 2 | VKL/2396/N | 8533 | 4781 |
| 3 | VKL/4602/N | 36387 | 13189 |
| 4 | VKL/2398/N | 49422 | 29878 |
| 5 | VKL/4600/N | 25348 | 17979 |
| | | ആകെ | 107341 |

വെള്ളക്കരം ഇനത്തിൽ ഈ വിധം ഭീമമായ കുടിശ്ശിക വരാനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.39/31.10.23 ന് മറുപടി ലഭ്യമാക്കിയില്ല. അംഗൻവാടികളുടെ വെള്ളക്കരം, മേല്പറഞ്ഞ രീതിയിൽ കുറവു ചെയ്തു കിട്ടിയ ശേഷമുള്ള ബിൽ തുക ചെക്ക് നം.894595/12-1-23 പ്രകാരം അടച്ചിട്ടുണ്ട്. ഭീമമായ കുടിശ്ശിക വരാനുള്ള സാഹചര്യത്തിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം ബിൽ, ഇലക്ട്രിസിറ്റി ബിൽ എന്നിവ യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ ഘടക സ്ഥാപനമേധാവികൾക്ക് ഭരണ സമിതി നിർദ്ദേശം നല്കേണ്ടതാണ്. KWA, KSEB എന്നിവയുടെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം പലിശയിനത്തിൽ പഞ്ചായത്തിന് ധനനഷ്ടം വരുന്നത് ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-30 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2022-23 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB യിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.10/27.10.2023)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 278,പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 90730 | സെക്രട്ടറി. |
| 2 | 278,പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 62918 | സെക്രട്ടറി |

സ.ഉ (കൈ) നം.84/2022/തസ്വഭവ,തീയതി 19/4/2022 നമ്പർ ഉത്തരവിലെ ഖ.12-2-ഡി പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതാണെന്നും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 ഇ എം എസ് ഭവന പദ്ധതി-അവശേഷിക്കുന്ന തുക തിരിച്ചടച്ചിട്ടില്ല.

ഇ. എം. എസ് ഭവന പദ്ധതിയ്ക്കായി വിളവൂർക്കൽ സർവ്വീസ് സഹകരണ ബാങ്ക് പെരുകാവ് ശാഖയിൽ ആരംഭിച്ച 1001 -ാം നമ്പർ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ 149170/- രൂപ ട്രഷറിയിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിന് വി ഇ ഒ യെ ചുമതലപ്പെടുത്തി 14.03.23 ന് 27-ാം നമ്പരായി കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ആയത് ട്രഷറിയിൽ തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (26/30.10.23) തുക തിരിച്ചടച്ചിട്ടില്ലായെന്നും തിരിച്ചടയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി, വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 സ്വയം സഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം-1300000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സംരംഭകർക്ക് ആനുകൂല്യം |
| പദ്ധതി നമ്പർ | SO 325/23 |
| പദ്ധതി അടങ്കൽ | 1292320/- രൂപ (വികസന ഫണ്ട് പെ.വി. )<br>7680/-രൂപ -തനതുഫണ്ട്<br>ആകെ 1300000/- |
| പദ്ധതി ചെലവ് | 1292320/- രൂപ (വികസന ഫണ്ട് )<br>7680/-രൂപ- തനതുഫണ്ട്<br>ബിൽ നം.-704/28-3-23<br>ആകെ 1300000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് നം.SO 325/23 'സ്വയം സഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം'എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, ആകെ 13 ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1300000/- രൂപ നിരാകരിക്കുന്നു. വിശദവിവരങ്ങൾ ഖ.3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-33 ഗുണഭോക്താക്കളില്ലാത്തതിനാൽ ഇനാകുലം പാക്കറ്റുകൾ വിതരണം ചെയ്യാതെ കെട്ടികിടക്കുന്നു.

പ്രോജക്ട് നമ്പർ - 112/23

പ്രോജക്ടിന്റെ പേര് – ഇനാകുലം നല്കൽ

അടങ്കൽ : 540000 (ധനകാര്യകമ്മീഷൻ അവാർഡ്)

105782 (സംസ്ഥാനാവിഷ്കൃത ഫണ്ട്)

209520 (ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ അടയ്ക്കുന്നത്

ചെലവ് വിവരം – Bill No. 565/15.03.23 തുക 540000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ I – ശ്രീ. അഭിലാഷ്.

2021-22 ൽ കിച്ചൻ ബിൻ നല്കിയിട്ടുള്ളവർക്ക് തുടർപരിപാലനത്തിനായി ഇനാക്കുലം വിതരണം ചെയ്യാനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇനാക്കുലം ലഭ്യമാക്കുന്നതിനായി 15.03.23 തീയതിയിൽ ഗ്രീൻ വില്ലേജ് എന്ന സ്ഥാപനത്തിന് 540000 /- രൂപ നല്കിയിട്ടുണ്ട്. 20.03.23 ന് 4026 ഇനാക്കുലം പാക്കറ്റുകൾ സ്ഥാപനം നല്കിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തിട്ടില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ 107/- രൂപ വീതം 181 പേരിൽ നിന്നും ആകെ 19,367/- പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ എത്ര പേർക്ക് ഇനാക്കുലം പാക്കറ്റുകൾ വിതരണം നടത്തിയെന്നുള്ള കണക്കുകളോ രേഖപ്പെടുത്തലുകളോ ഇല്ല. പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ഗ്രീൻ വില്ലേജ് എന്ന സ്ഥാപനത്തിന് നൽകിയിട്ടില്ല. പദ്ധതിക്കായി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2021-22 ൽ കിച്ചൻ ബിൻ നല്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് നല്കുന്നതിനാണ് ഇനാക്കുലം വാങ്ങുകയും വിതരണം നടത്താതെ കൃഷിഭവനിൽ സൂക്ഷിക്കുകയും ചെയ്യുന്നത്. ആയതിന്റെ ചിത്രം ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (56/02.11.23) ഗുണഭോക്തൃവിഹിതം സ്ഥാപനത്തിന് നൽകാനുണ്ടെന്നും ഗുണഭോക്താക്കൾ എത്തുന്നതിനനുസരിച്ച് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സ്ഥാപനത്തിന് നൽകേണ്ട ബാക്കി തുകയായ 1,99,439/- (739439-540000) രൂപ അനുവദിച്ചതിന്റെ വിശദാംശങ്ങൾ (ഫണ്ട് തിരിച്ച്) ഹാജരാക്കേണ്ടതാണ്. അർഹരായ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കേണ്ടതാണ്. ഇനാക്കുലത്തിന്റെ ഷെൽഫ്ലൈഫ് അവസാനിക്കുന്നതിന് മുമ്പ് അർഹരായ ഗുണഭോക്താക്കൾക്ക് ആയത് വിതരണം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം 2 മാസത്തിനകം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ.ഉ.(കൈ.) നം. 115/2022/ തസ്വഭവ 28.05.22 ന്റെ 2(2.2) പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കി ചെലവഴിച്ച തുക തിരിച്ചടക്കേണ്ടതാണ്.



## 1-34 ലൈഫ് ഭവന പദ്ധതി -ഭൂമി വാങ്ങി വന്നവർക്കുള്ള ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം 2021-22 വർഷം ലൈഫ് ഭവന പദ്ധതി പ്രകാരം താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

1. അപ്പുക്കുട്ടൻ ആശാരി
2. ശ്രീകല.സി
3. വിമല.എൽ.
4. ലീല.എൽ
5. സുരേഷ് കുമാർ
6. ഷാഹുൽഹമീദ്
7. തുളസി ഭായ്
8. ജലജ. ആർ
9. മോഹനൻ ബി

എന്നാൽ ഓഡിറ്റ് തീയതി വരെ മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് പഞ്ചായത്തുമായി കരാറിലേർപ്പെട്ട് ധനസഹയം കൈപ്പറ്റുകയോ ഭവനനിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 28/ 30.10.2023) മേൽ ഗുണഭോക്താക്കൾ വസ്തു കണ്ടെത്തി വാങ്ങിയത് മറ്റു പഞ്ചായത്തുകളിൽ ആയതിനാൽ സർക്കാർ ഉത്തരവുകൾക്കു വിധേയമായി അതാത് സമയത്തു തന്നെ ടി ഗുണഭോക്താക്കളെ അതത് പഞ്ചായത്തുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

## 1-35 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2020-21 വർഷത്തെ ലൈഫ് ഭവന പദ്ധതി പ്രകാരം (ജനറൽ) ഭവന നിർമ്മാണത്തിലേയ്ക്കായി ശ്രീമതി ശ്രീദേവി എസ്/ വിജയകുമാർ കെ, ലളിതാ ഭവൻ, ചിറക്കോണം, പേയാട് പി ഒ എന്നയാൾ രണ്ട് ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്.

അഡ്വാൻസ് - 40000/- രൂപ 15.02.21

ബേസ്മെന്റ് പൂർത്തിയാക്കി - 160000/- രൂപ 24.11.21

എന്നാൽ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വീട് നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനായി സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (27/30.10.23) ടി ഗുണഭോക്താവിനെ നേരിട്ടും ഫോൺ മുഖാന്തിരവും രജിസ്റ്റേർഡ് കത്തുകൾ മുഖാന്തിരവും അറിയിച്ചുവെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ലായെന്നും ആയതിനാൽ തുക തിരികെ പിടിക്കുവാൻ 1.10.22 ന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. തുടർനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സംരംഭകർക്ക് ആനുകൂല്യം വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക നൽകി-13,00,000/-രൂപയുടെ ചെലവു നിരാകരിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | സംരംഭകർക്ക് ആനുകൂല്യം |
| പദ്ധതി നമ്പർ | SO 325/23 |
| പദ്ധതി അടങ്കൽ | 1292320/- രൂപ (വികസന ഫണ്ട്,പൊ.വി. )<br>തനതുഫണ്ട്-7680/-രൂപ |
| പദ്ധതി ചെലവ് | ബിൽ നമ്പർ – 696/28.03.23<br>തുക 900000/-<br>ബിൽ നമ്പർ – 704/28.03.23<br>തുക – 392320/-<br>തനതുഫണ്ട്-7680/-രൂപ<br>ചെക്ക് നം.894672/31.03.2023 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് നം.SO 325/23 'സ്വയം സഹായ സംഘങ്ങൾ ക്ക് സാമ്പത്തിക സഹായം'എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, ആകെ 13 ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വീതം അതാത് ഗ്രൂപ്പുകളുടെ ബാക്കി അവരവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(1) സബ്സിഡി മാർഗ്ഗരേഖ, സ.ഉ(കൈ)നം.115/2022 തസ്വഭവ, തീയതി 28/5/22 ഖണ്ഡിക 6-5-2 പ്രകാരം സ്ത്രീകളുടെ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് മൂലധന ചെലവിന്റെ 75% സഹായമായി അനുവദിക്കാവുന്നതാണ്. മേല്പറഞ്ഞ 13 ഗ്രൂപ്പുകളുടെ മൂലധന ചെലവ് എത്രയാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.
(2) മേല്പറഞ്ഞ ഗ്രൂപ്പുകൾ മൂലധനത്തിനായി വായ്പ എടുത്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.
(3) സംരംഭം വായ്പാ ബന്ധിതമല്ലെങ്കിൽ, സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി സബ്സിഡി അനുവദിക്കാവുന്നതാണ്. മേല്പറഞ്ഞ ഗ്രൂപ്പുകൾ എല്ലാം തന്നെ 2023 മാർച്ച്, ഏപ്രിൽ, മെയ് മാസത്തിൽ രൂപീകരിച്ചിട്ടുള്ളവയാണ് എന്ന് ഫയലിൽ ഉൾപ്പെടുത്തിയ അവയുടെ മിനിട്സുകളുടെ പകർപ്പിൽ നിന്ന് വ്യക്തമാകുന്നു. എന്നിട്ടും അവയ്ക്ക് 2022-23 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി 28.03.2023 ൽ തുക അനുവദിച്ചത് എപ്രകാരം എന്ന് വ്യക്തമല്ല. (***)
വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | യൂണിറ്റിന്റെ പേര് | സംരംഭം | രൂപീകരണ തീയതി |
|---|---|---|---|
| 1 | B.S യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | വ്യക്തമല്ല |
| 2. | Eat'n Melt കേക്ക് നിർമ്മാണം | ഫുഡ് പ്രോസസിംഗ് | 1/4/23 |
| 3, | രുചി അച്ചാർ യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | 26/3/23 |
| 4. | കൃഷ്ണ യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | 1/4/23 |
| 5 | അന്നപൂർണ്ണ ചപ്പാത്തി യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | വ്യക്തമല്ല. |
| 6 | സംഗീത യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | 4/5/23 |
| 7 | A.S യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | 4/4/23 |
| 8. | പാഥേയം യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | 26/3/23 |
| 9 | പ്രിയദർശിനി പാഥേയം യൂണിറ്റ് | ഫുഡ് പ്രോസസിംഗ് | 28/3/23 |

| | | | |
|---|---|---|---|
| 10 | ഗ്രാമ ഹൃദയം യൂണിറ്റ് | വ്യക്തമല്ല | 29-3-23 |
| 11 | മാളൂസ് സ്റ്റിച്ചിംഗ് യൂണിറ്റ് | സ്റ്റിച്ചിംഗ് യൂണിറ്റ് | വ്യക്തമല്ല |
| 12 | ലക്ഷ്മി സ്റ്റിച്ചിംഗ് യൂണിറ്റ് | സ്റ്റിച്ചിംഗ് യൂണിറ്റ് | വ്യക്തമല്ല |
| 13 | ലച്ചൂസ് ഫാൻസി | ഫാൻസി സ്റ്റോർ | വ്യക്തമല്ല |

(4) CDS സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിനാലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയുടെ വിലയിരുത്തൽ റിപ്പോർട്ടുകളിൽ മൈക്രോ എന്റർ പ്രൈസസ് കൺസൾട്ടന്റ്, CDS ചെയർപേഴ്സൺ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരാണ് ഒപ്പിട്ടിട്ടുള്ളത്.

(5) ആകെ പതിമൂന്ന് ഗ്രൂപ്പുകളിൽ 9 എണ്ണം Food Processing യൂണിറ്റുകളാണ്. സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6-5-20 പ്രകാരം അത്തരം യൂണിറ്റുകൾ FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പ് വരുത്തുന്ന ഒരു സാക്ഷ്യപത്രം ഫയലിൽ ഇല്ല.

(6) ടി പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

7)ടി ഗ്രൂപ്പുകളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

**(***)**സംരംഭങ്ങൾ CDS രജിസ്ട്രേഷൻ മാത്രം ഉള്ളവയാണ് എന്നും, സ്വന്തമായി നിക്ഷേപമോ, അക്കൗണ്ടോ ഇല്ലാതെ കുടുംബശ്രീ യൂണിറ്റുകളായി പ്രവർത്തിക്കുന്നവയാണ് എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/30/10/23)ലഭ്യമാക്കിയ മറുപടി പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിശദീകരണവും, ആയതിന്മേൽ ഓഡിറ്റിന്റെ അഭിപ്രായവും ചുവടെ ചേർക്കുന്നു.

| അപാകം ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം | വിശദീകരണത്തിന്മേൽ ഓഡിറ്റിന്റെ അഭിപ്രായം | റിമാർക്ക്സ് |
|---|---|---|---|
| 1. | വനിതകൾ,വിധവകൾ, അവശത അനുഭവിക്കുന്നവർ എന്നിങ്ങനെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം. മൂലധനചെലവിനെപ്പറ്റി അംഗീകൃത പദ്ധതിയിൽ പരാമർശിച്ചിട്ടില്ല. | ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം അല്ല സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡം. മാർഗ്ഗരേഖാ പ്രകാരം മൂലധന ചെലവാണ് സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡം | വിശദീകരണം സ്വീകാര്യമല്ല. |
| 2. | മൂലധന ചെലവിനെപ്പറ്റി അംഗീകൃത പദ്ധതിയിൽ പരാമർശിച്ചിട്ടില്ല. | സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡം മൂലധന ചെലവാണ്. എന്തിന്റെ അടിസ്ഥാനത്തിലാണ് ഒരു ലക്ഷം രൂപ വീതം അനുവദിച്ചതെന്ന് വ്യക്തമല്ല. | വിശദീകരണം സ്വീകാര്യമല്ല. |
| 3. | സംരംഭങ്ങൾ CDS രജിസ്ട്രേഷൻ മാത്രം ഉള്ളവയാണ്. സ്വന്തമായി നിക്ഷേപമോ, അക്കൗണ്ടോ ഇല്ലാതെ കുടുംബശ്രീ യൂണിറ്റുകളായി പ്രവർത്തിക്കുന്നവയാണ്. | അത്തരം യൂണിറ്റുകളെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സംരംഭമായി കണക്കാക്കാൻ കഴിയില്ല. | വിശദീകരണം സ്വീകാര്യമല്ല. |
| 4. | 8 Food Processing യൂണിറ്റുകളുടെ FSSAI സർട്ടിഫിക്കറ്റ് മറുപടിയോടൊപ്പം ഹാജരാക്കുന്നു. | 3 യൂണിറ്റുകളുടെ FSSAI സർട്ടിഫിക്കറ്റ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.അവ മൂന്നും 31/10/23ന്-അതായത് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ തൊട്ടടുത്ത ദിവസം എടുത്തിട്ടുള്ളതാണ്. | മറുപടി സ്വീകാര്യമല്ല. |
| 5 | പദ്ധതി രൂപീകരണ വേളയിൽ ഗുണഭോക്തൃലിസ്റ്റ് നിലവിലില്ലായിരുന്നു. | അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ ആനുകൂല്യം നൽകിയത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. | മറുപടി സ്വീകാര്യമല്ല. |
| 6. | വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ ഇല്ലാത്തതിനാലാണ് CDS സംവിധാനത്തിലെ ഒരു | CDS സംവിധാനത്തിലെ ഗ്രൂപ്പുകളുടെ പ്രവർത്തനം അവർതന്നെ വിലയിരുത്തി ടി റിപ്പോർട്ടിന്റെ | മറുപടി സ്വീകാര്യമല്ല. |

| | | | |
|---|---|---|---|
| | മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തിയത് | അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ടി പദ്ധതി നിർവ്വഹണത്തിലെ സുതാര്യത ഇല്ലാതാക്കി. | |
| 7. | ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാഞ്ഞതു കൊണ്ടാണ് CDS ലഭ്യമാക്കിയ ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. | ടി ഗ്രൂപ്പ് സംരംഭങ്ങൾ നേരത്തേ തന്നെ പ്രവർത്തിച്ച വരുന്നതായി നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.അവയെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി,ഗ്രാമ സഭാ അംഗീകാരം നേടാമായിരുന്നു. | മറുപടി സ്വീകാര്യമല്ല. |

മേല്പറഞ്ഞ കാരണങ്ങളാൽ ടി പദ്ധതി പ്രകാരം ചെലവു ചെയ്ത 1300000/-രൂപയുടെ ചെലവു നിരാകരിക്കുന്നു.ടി തുക ഗ്രൂപ്പുകളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. 1292320/- രൂപ വികസന ഫണ്ടിലും, 7680/- രൂപ തനതു ഫണ്ടിലും തിരികെ അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 363375 | സ്നേഹസ്പർശം | 363375 | 0 |
| | | 0 | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| | | 0 | 295433 | ക്ഷീര സമൃദ്ധി | 295433 | 0 |
| | | 1137802 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1137802 |
| ആകെ | | 1137802 | 858808 | | 858808 | 1137802 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 363375 | സ്നേഹസ്പർശം | 363375 | 0 |
| | | 0 | 53675 | ക്ഷീര സമൃദ്ധി | 53675 | 0 |
| | | 196000 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 196000 |
| ആകെ | | 196000 | 417050 | | 417050 | 196000 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1137802 | 858808 | 1996610 | 858808 | 1137802 | 1137802 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 196000 | 417050 | 613050 | 417050 | 196000 | 196000 |
| മുനിസിപ്പൽ കോർപ്പറേഷൻ | 1200000 | 150000 | 1350000 | 0 | 1350000 | 1350000 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 278/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 153648 | - | 153648 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B 18 ഷെഡ്യൂൾ പ്രകാരം മുന്നി രിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | 2022-23 വർഷം തിരികെ ലഭിച്ച തുക (RP-49 പ്രകാരം) | നീക്കി യിരിപ്പ് | 2022-23 B 18 ഷെഡ്യൂൾ പ്രകാരം നീക്കി യി രിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2695800 | 0 | 2695800 | 0 | 2695800 | 2695800 |
| കെ.എസ്.ഇ.ബി | 1374679 | 153648 | 1528327 | 0 | 1528327 | 1528327 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|
| 20416731 | 0 | 2522473 | 17894258 |

ലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പും ധനകാര്യപത്രികയിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-18 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2007-08 | 3 (5) | 2009-2010 | 3.8.2 | പരാമർശം ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ |

| | | | | |
|---|---|---|---|---|
| | | | | സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 16919249/- രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 43670905/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 38737591/-രൂപ |
| നീക്കിയിരിപ്പ് | 21852563/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1300000/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(രൂ.) | 397556/-രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ക്രമ.നം | ഖണ്ഡിക | തുക(രൂ) | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ മേൽവിലാസം |
|---|---|---|---|---|
| 1 | 3-1 | 1300000 | ശ്രീ.ഗണേഷ്.ആർ, അസി.സെക്രട്ടറി | കൃഷ്ണപ്രിയ,അലകുന്നം,പേയാട്.പി.ഓ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-21 | 155948 | ഡോ.പ്രേം സുലജലത, മെഡിക്കൽ ഓഫീസർ (PHC) |
| 2 | 1-23 | 36708 | ഡോ.അശ്വതി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3 | 1-24 | 204900 | ശ്രീ.അഭിലാഷ്, വി.ഇ.ഒ – I |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗണേഷ്.ആർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്. | കൃഷ്ണപ്രിയ, അലകുന്നം, പേയാട്.പി.ഒ |
| ഡോ.പ്രേംസുലജലത മെഡിക്കൽഓഫീസർ, പി.എച്ച് സി.വിളവൂർക്കൽ | മെഡിക്കൽഓഫീസർ, (പി.എച്ച് സി), വിളവൂർക്കൽ ഗ്രാമപഞ്ചാത്ത് | വൈശാലി, ശാന്തി നഗർ, പേയാട്.പി.ഒ |
| ഡോ..അശ്വതി, മെഡിക്കൽഓഫീസർ, (ഹോമിയോ)വിളവൂർക്കൽ | മെഡിക്കൽഓഫീസർ, (ഹോമിയോ,) വിളവൂർക്കൽ ഗ്രാമപഞ്ചാത്ത് | കെ-48.സ്മൃതി ലൈൻ, കോച്ചാർ റോഡ്, ശാസ്തമംഗലം |
| ശ്രീ.അഭിലാഷ്, വി.ഇ.ഒ – II | വിളവൂർക്കൽ ഗ്രാമപഞ്ചാത്ത് | തിരുവോണം, തേമ്പാമുട്ടം, ബാലരാമപുരം.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/406/2019 തീയതി 10.06.2019 | 13 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/887/2022 തീയതി 09.11.2022 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1217/2021 തീയതി 09.09.2021 | 34 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/457/2022 തീയതി 23.06.2022 | 37 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/94/2022 തീയതി 27.01.2023 | 36 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 21-08-2023 and submitted on 21-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vilavoorkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vilavoorkal Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Vilavoorkal Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Deficit account : As per the Income and Expenditure statements, Income is 175385080/- and Expenditure is 176521442/-. Since the Expenditure exceeds income it is deficit account.

2.Discrepancies in carrying forward the closing balance. The previous year's closing balance of SBI E-payment account of amount Rs. 4131224/- does not match the current year's opening balance. (4131239/-)

**2.Other Observations**

1. Mandatory financial statements as per accounting rules like ratios are not submitted with AFS.
2. Cash Flow statement -Net increase/decrease in cash flow ( **4933314/-**)does not match with difference between opening balance and closing balance of cash and cash equivalents **(2760280/-).**

3.Lapses in making timely and accurate demand entries in respect of tax and nontax revenue

4.Journal, Contra vouchers not kept with supporting documents.

5.Receipt registers are not kept certified by closing each month and reconciling with the ledger balance. Only annual closing is done

6.Depreciation given for non Asset heads. for example depreciation is provided under plant &machinery, but there are no such asset for the institution.

7.CFC fund Closing balance figures of AFS **(5063747/-)** doesnot match with Cash book **(5070763/-).**

8.Deposits Register, Loan Register, Stock Register, Asset Register etc. are not maintained properly. Therefore, the amounts in each category could not be reconciled with the annual financial statements

9.The Bank accounts opened for the accounting of **health grant and life** have not been included in the annual financial statement.

10.An amount of Rs. 1500/-(cheque no. **817114 /29.12.2021** ) remain as cheque issued but not presented to bank **(District cooperative Bank,**
**Malayinkeezhu (105412803000016) )** and uncashed for more than three months were not transferred to Stale Cheque Account.

11.The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

12.The bank book of Sub treasury Malayinkil (799011300000094) shows credit balance.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്